# ‘‘യാ ഇബാദല്ലാഹി അഈനൂനീ’’
## വിവാദങ്ങളും വസ്തുതകളും

**ബഷീർ സലഫി പൂളപ്പൊയിൽ**

യുദ്ധങ്ങളിൽ ആദ്യം മരിക്കുന്നത് സത്യങ്ങളാണ് എന്നൊരു ചൊല്ലുണ്ട്. യുദ്ധമെന്നാൽ വഞ്ചനയാണെന്നൊരു അറബി പഴമൊഴിയും കാണാം. കുറേ സത്യങ്ങളെയും വസ്തുത കളേയും കശാപ്പ് ചെയ്തു കൊണ്ടല്ലാതെ യുദ്ധവീരന്മാർക്ക് തങ്ങളുടെ ദുഷ്ട ലക്ഷ്യങ്ങ ളും താൽപര്യങ്ങളും സ്ഥാപ്പിച്ചെടുക്കാൻ കഴിയില്ലെന്നതാണ് യുദ്ധചരിത്രങ്ങളിലെല്ലാം തെളിയുന്ന സത്യം.

ഇറാക്കിൽ അധിനിവേശം നടത്തിയ യുദ്ധവെറിയനായ ജോർജ്ജ് ബുഷും കുട്ടാളികളും പൊട്ടിച്ച നുണബോംബുകളും കശാപ്പ് ചെയ്ത സത്യങ്ങളും നാം കണ്ടറിഞ്ഞ വസ്തുത കളാണ്. ഇറാഖിൽ സദ്ദാം ഹുസൈൻ കൂട്ട നശീകരണായുധങ്ങൾ കുന്ന് കൂട്ടിവെച്ചിരി ക്കുകയാണെന്നും അത് ലോകസമാധാനത്തിന് ഭീക്ഷണിയാണെന്നുമുള്ള കല്ല് വെച്ച നു ണ നൂറ്റൊന്നാവർത്തിച്ചു കൊണ്ടാണു സാമ്രാജ്യത്വ ശക്തികൾ ഇറാഖിൽ അധിനിവേശം നടത്തിയത്. നരമേധങ്ങൾ തുടർന്ന് അവസാനം ഇറാഖ് ഭരണാധികാരിയായ സദ്ദാം ഹു സൈനെ തന്നെ നിഷ്ഠൂരമായി നശിപ്പിച്ച ശേഷമാണ് അവർ അടങ്ങിയത്. യുദ്ധത്തിൽ ആദ്യം കൊല്ലപ്പെടുന്നത് സത്യങ്ങളാണെന്ന മഹദ്വചനം സാർത്ഥകമായി തീരുന്നതിന്റെ ജീവിക്കുന്ന തെളിവുകളാണ് ഇറാഖും അഫ്ഗാനിസ്ഥാനുമൊക്കെ. അറബ് ലോകത്തെ എണ്ണ സമ്പത്ത് കയ്യടക്കലാണ് പാശ്ചാത്യ ശക്തികൾ നടത്തിക്കൊണ്ടിരിക്കുന്ന യുദ്ധങ്ങ ളുടെയെല്ലാം പിന്നിലെ യഥാർത്ഥ ‘മോട്ടിവേഷൻ’. അതിന്നായി അവർ നിരത്തിക്കൊണ്ടി രിക്കുന്ന കാരണങ്ങളാകട്ടെ മാനവികതയുടെ പേരിലുള്ള കപടമായ അലമുറയും.

കേരളത്തിലെ വിവിധ പ്രസ്ഥാനങ്ങൾക്കുള്ളിൽ രൂപപ്പെടുന്ന ഗ്രൂപ്പ് വൈരങ്ങളും വിഭാ ഗീയതകളും ആരോപണ പ്രത്യാരോപണങ്ങളും തുടർന്നുള്ള അടിച്ചമർത്തൽ നയങ്ങളു മെല്ലാം യുദ്ധസമാനങ്ങളായ പ്രതികരണങ്ങളാണ് അനുയായികൾക്കിടയിൽ സൃഷ്ടിച്ചു കൊണ്ടിരിക്കുന്നത്. ഏതെങ്കിലും ചിലയാളുകളുടെ സ്ഥാപിതവും നിക്ഷിപ്തവുമായ താൽപര്യങ്ങൾ സംരക്ഷിക്കുന്നതിന് ഏതാനും പേർ ചേർന്നുണ്ടാക്കുന്ന ഉപജാപക സം ഘങ്ങൾ പ്രസ്ഥാനത്തിന്റെ അകത്ത് നിന്ന് ചില ശത്രുക്കളെ സ്വയം സൃഷ്ടിച്ചുണ്ടാക്കുക യും അവരിൽ ചില കുറ്റങ്ങൾ കണ്ട്പിടിച്ച് അവർക്കെതിരെ അടിസ്ഥാനരഹിതമായ ചില ദുരാരോപണങ്ങൾ തൊടുത്ത് വിട്ട് കൊണ്ട് അവക്ക് ആദർശത്തിന്റെ നിറം നൽകി ബ ഹുജനങ്ങളെ തങ്ങൾക്കനുകൂലമാക്കാനുള്ള ശ്രമത്തിനിടയിൽ കുറേ സത്യങ്ങളെ അവർ ക്ക് കൊല്ലേണ്ടിയും കുഴിച്ച് മൂടേണ്ടിയും വരുന്നു. ഏതാനും കാലങ്ങളായി മുജാഹിദ് പ്ര സ്ഥാനത്തിനുള്ളിൽ നീറിപ്പുകഞ്ഞു കൊണ്ടിരിക്കുന്ന പ്രശ്നങ്ങളും വിവാദങ്ങളും പ്രതി കരണങ്ങളും പ്രതിഫലനങ്ങളുമെല്ലാം ശ്രദ്ധിച്ചു വിക്ഷീക്കുന്നയാളുകൾക്ക് അതിനിട യിൽ മരിച്ചു വീഴുന്ന കുറേ സത്യങ്ങളെ കണ്ടെത്താനാകും. ആഭ്യന്തര പ്രശ്നങ്ങൾ സം ഘടനയുടെ ആഭ്യന്തര സംവിധാനങ്ങൾക്കുള്ളിൽ നിന്നു പരിഹരിക്കുന്നതിന്ന് പകരം അ ത്തരം കാര്യങ്ങൾ പൊതുവേദിയിലേക്ക് വലിച്ചിഴച്ച് അങ്കലാപ്പുകളുണ്ടാക്കി സ്വയം പരി

ഹാസ്യരാകുന്നതിന്റെ വഷളത്തമോർത്ത് മൗനികളാകുകയായിരുന്നു ഇത്വരേ മാന്യന്മാർ. എന്നാൽ സത്യവും ന്യായവും ചവിട്ടിമെതിക്കപ്പെടുന്ന അത്യന്തം അപകടകരമായ ഒരു സാഹചര്യം വളർന്ന സ്ഥിതിക്ക് ഇനിയും മൗനികളായി എല്ലാറ്റിനും മൂകസാക്ഷികളായാൽ അതായിരിക്കും ഏറ്റവും വലിയ അനീതിയെന്ന് തിരിച്ചറിയുകയാണിപ്പോൾ. കുഴിച്ച് മൂടപ്പെടുന്ന സത്യങ്ങൾ അനാവരണം ചെയ്യാനുള്ള പ്രേരണയതാണ്. തീർത്തും വിഷയ പ്രധാനവും അനുഭവത്തിൽ ബോധ്യമായതുമായ വസ്തുകൾ മാത്രമാണ് ഇവിടെ വിശകലനം ചെയ്യാനുദ്ദേശിക്കുന്നത്.

മലക്കുളോടും ജിന്നുകളോടുമൊക്കെ സഹായം തേടാമെന്നും പ്രാർത്ഥിക്കാമെന്നും അതൊന്നും ശിർക്ക് അഥവാ ബഹുദൈവത്വമല്ലെന്നും വാദിക്കുന്ന ഒരു പറ്റം ആളുകൾ മുജാഹിദ് പ്രസ്ഥാനത്തിനുള്ളിൽ വളർന്നു കൊണ്ടിരിക്കുന്നു എന്ന ഒട്ടും യാഥാർത്ഥ്യമില്ലാത്ത കല്ല് വെച്ച നുണയാണ് ചിലയാളുകൾ സംഘടനാ സംവിധാനം ദുരുപയോഗിച്ചു കൊണ്ട് പ്രചരിപ്പിച്ചു കൊണ്ടിരിക്കുന്നത്. തങ്ങൾ ശത്രുക്കളായി കാണുന്ന വ്യക്തികളെ മുജാഹിദുകൾക്കിടയിൽ ഒറ്റപ്പെടുത്താൻ ഇതിനേക്കാൾ ശക്തമായൊരു ആയുധം വേറെയുണ്ടോ? സലഫീ ആദർശത്തിന്റെ കടക്കൽ കത്തി വെക്കുന്നവർ എന്ന പ്രതിഛായയാണല്ലോ ആരോപണ വിധേയരായവരെ പറ്റി മുജാഹിദുകൾക്കിടയിൽ ഇത്വഴി സൃഷ്ടിക്കപ്പെടുക. ഈ ആരോപണത്തിന്റെ വസ്തുതയെന്ത്? അത്തരമൊരു ഗുരുതരമായ ആരോപണം തൊടുത്ത് വിടുന്നതിന്നു ഉപകരണമാക്കപ്പെട്ട സംഗതികളുടെ നിജസ്ഥിതി എന്ത്? എന്നതാണിവിടെ ആദ്യമായി പരിശോധനാ വിധേയമാക്കുന്നത്.

ഏതെങ്കിലും ഒരു വ്യക്തിയോ സംഘമോ ഒരു പ്രത്യേക ആശയത്തിന്റെ ആളാണെന്നതിന്റെ തെളിവ് ആ ആശയത്തിന് വേണ്ടി അവർ വാദിക്കലാണ്. ഒരു ദിവസത്തിൽ മൂന്നു നേരം നമസ്കരിച്ചാൽ മതിയെന്നൊരു വാദം ചേകന്നൂർ മൗലവിക്കുണ്ടായിരുന്നു എന്നതിന്റെ തെളിവ് ആ ആശയം സ്ഥാപിക്കുന്നതിന് വേണ്ടി അയാൾ പുസ്തകങ്ങൾ എഴുതുകയും പ്രസംഗിക്കുകയും ചെയ്തു എന്നതാണ്. വെറുതെയങ്ങ് വാദിച്ചതല്ല. ആ വാദത്തെ സമർത്ഥിക്കുന്നതിന് വേണ്ടി ഖുർആനിൽ നിന്ന് ആയത്തുകൾ ഓതുകയും ചെയ്തു. അതോടെ നമസ്കാരം മൂന്ന് സമയത്തേ ഉള്ളൂ എന്ന വാദം അയാൾക്കുണ്ടെന്ന കാര്യം നമുക്ക് വ്യക്തമായി. ആ വാദം അയാൾ തുറന്ന് പ്രഖ്യാപിച്ചതുമാണ്.

മരണപ്പെട്ട് പോയ അമ്പിയാക്കൾ, ഔലിയാക്കൾ തുടങ്ങിയവരൊക്കെ ലോകത്ത് ജീവിച്ചിരിക്കുന്ന മനുഷ്യരുടെ ബുദ്ധിമുട്ടുകളും പ്രശ്നങ്ങളും അറിഞ്ഞു കൊണ്ടിരിക്കുന്നവരാണെന്നും അവർക്ക് നമ്മെ സഹായിക്കാൻ കഴിയുമെന്നും അതിനാൽ അവരോട് സഹായഭ്യർത്ഥനയും പ്രാർത്ഥനയും നടത്തുന്നത് മുസ്‌ലിംകൾക്ക് അനുവദനീയമാണെന്നുമൊരു വാദം അഖിലലോക ഖുറാഫികൾക്കുണ്ട്. കേരളത്തിലെ സമസ്തക്കാർ ഈ വാദക്കാരാണ്. അങ്ങനെ ഒരു വാദം സ്ഥാപിക്കാൻ അവർ ഖുർആനിൽ നിന്നും ഹദീസിൽ നിന്നും തെളിവുകൾ ഉദ്ധരിച്ചു കൊണ്ട് എഴുതുകയും പ്രസംഗിക്കുകയും ചെയ്യുന്നു! ഒരാൾക്ക് ഒരു പ്രത്യേക ആശയമുണ്ട് എന്നോ ഒരു വാദമുണ്ട് എന്നോ മറ്റുള്ളവർക്ക് മനസിലാക്കാൻ കഴിയുന്നത് മേൽ പരാമർശിച്ച സ്വഭാവം അതിന്ന് ഉണ്ടാകുമ്പോൾ മാത്രമാണ്.

എന്നാൽ ജിന്നുകളോടോ മലക്കുകളോടോ തേടാമെന്നോ തേടണമെന്നോ സ്ഥാപിക്കുന്നതിന് വേണ്ടി ഖുർആനിൽ നിന്നും നബി(സ്വ)യുടെ തിരുമൊഴികളിൽ നിന്നും ഏതെങ്കിലും തെളിവുകൾ ഉദ്ധരിച്ചു കൊണ്ട് കേരളത്തിലെ ഏതെങ്കിലും മുജാഹിദ് പണ്ഡിതൻ എഴുതുകയോ പ്രസംഗിക്കുകയോ ചെയ്തതായി തെളിയിക്കാൻ ആർക്കെങ്കിലും സാധിക്കുമോ? അങ്ങനെ ചെയ്യാൻ കഴിയാത്ത കാലത്തോളം അങ്ങനെയൊരു വാദം ഇവിടെ ആർക്കെങ്കിലുമുണ്ടെന്ന് പറയുന്നത് ദുരുദ്ദേശ്യപൂർണ്ണമായ ദുരാരോപണമായേ പരിഗണി

ക്കാനാകുകയുള്ളൂ. അല്ലാഹുവോടല്ലാതെ ജിന്ന് മലക്ക് തുടങ്ങി ഒരു സൃഷ്ടിയോടും പ്രാർത്ഥിക്കാൻ പാടില്ല എന്നതാണ് സലഫീ ആദർശത്തിന്റെ അടിക്കല്ല്. ഈ അടിസ്ഥാനം അംഗീകരിക്കുന്നവർക്ക് മറിച്ചൊരു വാദമുണ്ടെന്ന് വരുന്നത് അതോടെ അയാളെ സലഫീ വൃത്തത്തിൽ നിന്ന് പുറത്താക്കുന്നതാണ്. ജിന്നിനോടും മലക്കിനോടും സഹായാർത്ഥന നടത്തുന്നത് അനുവദനീയമാണെന്നുള്ള ഒരുവാദം ഇവിടെ ആർക്കും ഇല്ലെന്നിരിക്കെ അത്തരമൊരാരോപണം എങ്ങനെയുണ്ടായി എന്നതും അത്തരമൊരനാവശ്യ ചർച്ചക്ക് ഹേതുവായ സംഗതികൾ എന്ത് എന്നതും അറിയൽ പ്രസക്തമാണല്ലോ?

അഖിലലോകാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന ക്വുബൂരി ആശയക്കാർ അവരുടെ വികൃതമായ ആശയങ്ങൾ സ്ഥാപിക്കുന്നതിന് വേണ്ടി വിശുദ്ധ ക്വുർആനിൽ നിന്നും പ്രവാചക വചനങ്ങളിൽ നിന്നും ചിലതെടുത്ത് ദുർവ്യഖ്യാനിക്കുക പതിവാണ്. അപ്പോൾ അവരുടെ നശീകരണ വാദങ്ങൾ അനാവരണം ചെയ്യുന്നതിന് വേണ്ടി അവർ ഉന്നയിക്കുന്ന തെളിവുകളുടെ നിജസ്ഥിതി ബോധ്യപ്പെടുത്താൻ സലഫികൾ നിർബന്ധിതരാകുന്നു. അതേ പ്രകാരം മരണപ്പെട്ട അമ്പിയാക്കളും ഔലിയാക്കളും മറ്റും മനുഷ്യരുടെ സഹായികളാണെന്നും അവരോട് പ്രാർത്ഥനയും സഹായാർത്ഥനയുമാകാമെന്നും സ്ഥാപിക്കുന്നതിന് വേണ്ടി ഇസ്തിഗാസാ വാദികൾ കൊണ്ട് വരുന്ന മറ്റൊരു തെളിവാണ്''യാ ഇബാദല്ലാഹി ആഊനൂനി'' എന്ന വാചകം ഉൾകൊള്ളുന്ന ഹദീസ്. മരുഭൂമിയിലെ വിജനതയിൽ ഒറ്റപ്പെട്ട് പോയ ഒരാൾ വഴിയറിയാതെ ഉഴലുമ്പോൾ ''അല്ലാഹുവിന്റെ അടിമകളേ എന്നെ സഹായിക്കണേ'' എന്ന് ഉറക്കെ വിളിച്ച് പറയണമെന്നും എങ്കിൽ വഴി അറിയാനാകുമെന്നുള്ള ആശയത്തിൽ വന്നിട്ടുള്ള ഹദീസിലെ 'ഇബാദല്ലാഹ്' അഥവാ 'അല്ലാഹുവിന്റെ അടിമകൾ' കൊണ്ട് ഉദ്ദേശിക്കപ്പെടുന്നത് 'റിജാലുൽ ഗൈബ്' അഥവാ മരണപ്പെട്ട മഹത്തുക്കളുടെ ആത്മാക്കളാണെന്നാണ് ക്വുബൂരികളുടെ കണ്ടുപിടിത്തം. അതിനാൽ മുഹ്‌യുദ്ദീൻ ശൈഖേ രക്ഷിക്കണേ, ബദ്‌രീങ്ങളെ കാക്കണേ എന്നിങ്ങനെ മരണപ്പെട്ട് പോയവരോട് തങ്ങൾ നടത്തുന്ന ഇസ്തിഗാസ ഹദീസിന് വിധേയമാണെന്ന് സമർത്ഥിക്കുകയാണ് ക്വുബൂരി ആദർശക്കാർ ചെയ്തു കൊണ്ടിരിക്കുന്നത്. ക്വുബൂരി ആശയക്കാർ തങ്ങളുടെ എഴുത്തിലും പ്രസംഗങ്ങളിലും വാദപ്രതിവാദങ്ങളിലും പ്രസ്തുത ഹദീസ് തെളിവായി ഉദ്ധരിച്ചപ്പോൾ സലഫികൾക്ക് ആ ഹദീസിന്റെ നിജസ്ഥിതിയും അതിന്റെ യഥാർത്ഥ ആശയവും എന്തെന്ന് വിശദീക്കരിക്കേണ്ടി വന്നു. അങ്ങനെയാണ് കേരളത്തിലെ മുജാഹിദ് പ്രസ്ഥാനവൃത്തത്തിലും പണ്ഡിതന്മാർക്കിടയിലും 'യാഇബാദല്ലാഹി ആഊനൂനി' (അല്ലാഹുവിന്റെ അടിമകളേ എന്നെ സഹായിക്കണേ) എന്ന ഹദീസ്ശകലം ചർച്ചയായത്.

എന്നാൽ ഈ പശ്ചാത്തലങ്ങളെയെല്ലാം അവഗണിച്ചും കണ്ടില്ലെന്ന് നടിച്ചും ചിലയാളുകൾ പ്രചരിപ്പിച്ചു കൊണ്ടിരിക്കുന്നതാകട്ടെ ഒരു വിഭാഗം മുജാഹിദ് പണ്ഡിതന്മാർ 'യാ ഇബാദല്ലാഹി അഊനൂനീ' എന്ന ഹദീസ് തെളിവായി ഉദ്ധരിച്ച് കൊണ്ട് ജിന്നുകളോടും മലക്കുകളോടും സഹായാർത്ഥന നടത്താമെന്ന് വാദിക്കുന്നു എന്നാണ്. ആ ഹദീസ് മുജാഹിദ് പണ്ഡിതന്മാർ ഏതെങ്കിലുമൊരു പുതിയ വാദത്തിന് തെളിവായി ഉദ്ധരിച്ചതല്ലെന്നും മരിച്ചവരോടുള്ള ഇസ്തിഗാസക്ക് തെളിവായി ക്വുബൂരികൾ ഉദ്ധരിച്ചപ്പോൾ അതിനെ ഖണ്ഡിക്കാനാണ് ആ ഹദീസ് സലഫികൾക്ക് കൈകാര്യം ചെയ്യേണ്ടിവന്നതെന്നുമുള്ള സത്യം ഇവിടെ കുഴിച്ച് മൂടപ്പെടുന്നു. വിവാദ വിധേയമായ ഹദീസ് ഉദ്ധരിച്ചു കൊണ്ട് കേരളത്തിലോ പുറത്തോ ഉള്ള ഒരൊറ്റ സലഫീ പണ്ഡിതനും ജിന്നിനോടോ മലക്കിനോടോ സഹായം തേടാമെന്ന് വാദിച്ചിട്ടില്ല. ഇവിടെ ചിലയാളുകൾ നടത്തുന്ന പ്രചാരണങ്ങൾ കേട്ടാൽ അങ്ങനെയാണ് തോന്നിപ്പോവുക.

മരണപ്പെട്ട മഹാന്മാരോട് ഇസ്തിഗാസയും പ്രാർത്ഥനയുമാകാമെന്നതിന് തെളിവായി ആ ഹദീസിനെ ഉദ്ധരിച്ചവർക്ക് മറുപടി പറഞ്ഞ സലഫീ പണ്ഡിതന്മാർ ആദ്യമായി ചെയ്ത

ത്, ആ ഹദീസിന്റെ ദൗർബല്ല്യങ്ങളെന്തൊക്കെയാണെന്ന് ബോധ്യപ്പെടുത്തുകയായിരുന്നു. ഈ വിഷയവുമായി ബന്ധപ്പെട്ട്കൊണ്ട് സമാന ആശയത്തിൽ മൂന്ന് രിവായത്തുകൾ വന്നിട്ടുണ്ട്. മൂന്നിന്റെയും സനദുകൾ വിവിധ കാരണങ്ങളാൽ ദുർബലമായതിനാൽ അത് തെളിവിന്ന് കൊള്ളാത്തതാണെന്ന് ക്വുബൂരികൾക്ക് മറുപടി എഴുതിയ സലഫീ പണ്ഡിതന്മാർ സമർത്ഥിച്ചിട്ടുള്ളതാണ്.

മരണപ്പെട്ട മഹാന്മാരോടും പരിസരത്തില്ലാത്ത മറഞ്ഞവരോടും(ഗാഇബ്) പ്രാർത്ഥന നടത്താമെന്നതിന്ന് തെളിവായി ക്വുബൂരികൾ ഉദ്ധരിക്കുന്ന ഒരു ഹദീസാണ് അബുയഅ്ലയും ത്വബ്റാനിയും ഇബ്നു സുന്നിയും റിപ്പോർട്ട് ചെയ്തത്. ''നബി(സ്വ) പറഞ്ഞിരിക്കുന്നു: നിങ്ങളുടെ ആരുടെയെങ്കിലും (വാഹന)മൃഗം മരുഭൂമിയിൽ വെച്ച് കാണാതായാൽ (നഷ്ടപ്പെട്ടാൽ) ''അല്ലാഹുവിന്റെ അടിമകളേ പിടിച്ചു വെക്കണേ, അല്ലാഹുവിന്റെ അടിമകളെ പിടിച്ചു വെക്കണേ'' എന്ന് വിളിച്ചു പറയട്ടെ, തീർച്ചയായും അല്ലാഹുവിന്ന് ആ പ്രദേശത്ത് നിങ്ങൾക്ക് അതിനെ പിടിച്ചുവെച്ചു തരുന്നവരായി ഹാജരുള്ള ചിലരുണ്ട് (ഹാളിറുണ്ട്). ഈ ഹദീസിന്റെ നിവേദക പരമ്പരയിൽ മഅ്റൂഫുബ്നു ഹസ്സാൻ എന്നയാളുണ്ടെന്നും അയാൾ മുൻകറുൽ ഹദീസാണെന്നും മുഹദ്ദിസുകൾ വ്യക്തമാക്കിയിട്ടുള്ളതാകയാൽ ആ ഹദീസ് തെളിവിന്ന് കൊള്ളാത്തതാണ് എന്നാണ് സലഫീ പണ്ഡിതന്മാർ വ്യക്തമാക്കിയിട്ടുള്ളത്.

മേൽ ഹദീസിലുള്ള ''ആ പ്രദേശത്ത് നിങ്ങൾക്കതിനെ പിടിച്ചു വക്കാനായി ഹാജരുള്ള ചിലരുണ്ട്.'' എന്നത് കൊണ്ട് ഉദ്ദേശിക്കപ്പെടുന്നത് മരണപ്പെട്ട മഹാന്മാരുടെ ആത്മാവുകളാണെന്നാണ് ക്വുബൂരികളുടെ വ്യാഖ്യാനം. ഈ വാദത്തെ ഖണ്ഡിച്ചുകൊണ്ട് സലഫീ പണ്ഡിതനായ ഫൈസൽ ബിൻ ഖസാർ അൽ ജാസിം ഇപ്രകാരം കുറിക്കുകയുണ്ടായി.

(ഒന്ന്) ഹദീസ് ദുർബലമായതിനാൽ അത് തെളിവിന്ന് കൊള്ളുകയില്ല.

(രണ്ട്) ഇനി അതൊരു സ്വഹിഹായ ഹദീസാണെന്ന് വന്നാൽ തന്നെ ക്വുബൂരികളുടെ വാദത്തിന് അതിൽ തെളിവില്ല. (അഥവാ മരിച്ചു പോയ മഹാന്മാരോട് സഹായം തേടാനും പ്രാർത്ഥിക്കാനും അതിൽ തെളിവില്ല.) കാരണം ഹദീസിലുള്ള വിളിയിൽ ഉദ്ദേശിക്കപ്പെട്ടത് അവിടെ ഹാജറുള്ള മുസ്ലിം ജിന്നുകളോ മുവക്കലായ മലക്കുകളോ ആണ്. അപ്പോൾ ''അല്ലാഹുവിന്റെ അടിമകളേ'' എന്നുള്ള വിളി മരണപ്പെട്ടവരോടോ അദൃശ്യരോടോ അല്ല. മറിച്ച് അവിടെ ഹാജരുള്ളവരും വിളികേൾക്കുന്നവരുമായവരോടാണ്.

(മൂന്ന്) അല്ലാഹുവിന്റെ അടിമകളെ എന്ന പൊതുവായ വിളിയാണ് ഹദീസിലുള്ളത്. അതിലാരേയും പേരെടുത്ത് വിളിക്കുന്നില്ല. (ക്വുബൂരികൾ ചെയ്യാറുള്ളത് പോലെ ''മുഹിയുദ്ധീൻ ശൈഖേ രക്ഷിക്കണേ, ബദ്രീങ്ങളേ കാക്കണേ'' എന്നിങ്ങനെ പേരെടുത്ത് പറയുന്ന വിളി) ഇങ്ങനെ ഏതെങ്കിലും ഒരു പ്രത്യേക വ്യക്തിയെ പേരെടുത്ത് വിളിക്കുന്നതിന്ന് ഈ ഹദീസ് തെളിവാക്കുന്നവർ നബി(സ്വ)യുടെ പേരിൽ കടുത്ത കളവ് ആരോപിക്കുകയാണ് ചെയ്യുന്നത്.

(നാല്) മരുഭൂമിയിൽ മൃഗം നഷ്ടപ്പെട്ടു പോകുന്ന സന്ദർഭത്തിലേക്ക് മാത്രം പ്രത്യേകമായി ബാധകമാവുന്ന ഒരു വിഷയമാണത് . അല്ലാതെ ഏതൊരുവനും ഏതൊരു സമയത്തും സാഹചര്യത്തിലും ചെയ്യാവുന്ന കാര്യമല്ല.

(അഞ്ച്) നബി(സ്വ)യുടെ അനുയായികൾ (സ്വഹാബത്ത്) അപ്രകാരം ചെയ്തിട്ടില്ല. അവരാരും അങ്ങനെ ചെയ്യാൻ കൽപിച്ചിട്ടില്ല. പിൻഗാമികളോ (താബിഉകൾ) ഇമാമീങ്ങളോ, അങ്ങനെയൊരു കാര്യം ചെയ്യാൻ കൽപ്പിച്ചിട്ടില്ല.'' (കുവൈറ്റിലെ ജംഇയ്യത്തു ഇഹ്യാഉ

ത്തുറാസ് പ്രസിദ്ധീകരിച്ച തജ്‌രീദു തൗഹീദ് എന്ന ലഘുകൃതിയിൽ ഫൈസ്വൽ ബിൻ ക്വസ്സാർ അൽ ജാസിം എന്ന സലഫി പണ്ഡിതന്റെതാണ് മേലെ നൽകിയ വിശകലനങ്ങൾ (പുറം: 50–51)

നബി(സ്വ) പറഞ്ഞതായി ഇബ്നുഅബ്ബാസിൽ നിന്ന് ത്വബ്റാനി രിവായത്ത് ചെയ്യുന്നതാണ് ഇസ്തിഗാസാവാദികളുടെ മറ്റൊരു തെളിവ്. നബി(സ്വ) പറഞ്ഞതായി ആ ഹദീസിലുണ്ട്. ‘‘തീർച്ചയായും അല്ലാഹുവിന്ന് ഭൂമിയിൽ ഹഫളത്തിന്റെ മലക്കുകൾക്ക് പുറമെ വേറെ ചില മലക്കുകളുണ്ട്. മരത്തിൽ നിന്ന് ഇല പൊഴിയുന്നത് പോലും അവർ എഴുതി വെക്കുന്നു. അതിനാൽ മരുഭൂമിയിൽ ആർക്കെങ്കിലും വല്ല വിഷമവും നേരിട്ടാൽ അയാൾ ഉറക്കെ എന്നെ സഹായിക്കൂ അല്ലാഹുവിന്റെ അടിമകളേ എന്ന് വിളിച്ച് പറയട്ടെ.’’ (ത്വബ്റാനി)

ഈ ഹദീസിന്റെ പരമ്പരയിൽ ‘ഉസാമത്ത്ബ്നു സൈദ്’ എന്ന വ്യക്തിയുണ്ട്. അദ്ദേഹം വിമർശന വിധേയയാണ്. അയാൾ ശക്തനല്ലെന്ന് നസാഇയും അദ്ദേഹത്തിന്റെ ഹദീസ് എഴുതിവെക്കാം എന്നാൽ തെളിവാക്കാൻ പറ്റില്ലെന്ന് അബൂഹാത്തിമും പറഞ്ഞിട്ടുണ്ട്. അയാൾ ദുർബലനാണെന്ന് പല മുഹദ്ദിസുകളും അഭിപ്രായപെട്ടിട്ടുണ്ട്. അതിനാൽ ഈ ഹദീസ് തെളിവിന്ന് കൊള്ളത്തതാണ്.

സൗദി അറേബ്യക്കാരനായ സയ്യിദ് അലവി മാലിക്കിയെന്ന കുബൂരി പണ്ഡിതൻ ഇസ്തിഗാസയെ ന്യായീകരിച്ചു കൊണ്ട് (മഫാഹീമുൻ യജീബു അൻ തുസ്വഹ്വഹ്) അഥവാ, തിരുത്തപ്പെടേണ്ട ധാരണകൾ എന്ന പേരിൽ എഴുതിയ പുസ്തകത്തിൽ മേൽ പരാമർശിച്ച ഹദീസ് തെളിവായി ഉദ്ധരിച്ചിട്ടുണ്ട്. പ്രസ്തുത പുസ്തകത്തിന് സൗദി അറേബ്യയിലെ വിശ്രുത സലഫീ പണ്ഡിതനായ അല്ലാമ സ്വാലിഹ് അബ്ദുൽ അസീസ് ആലു ശൈഖ് ‘ഹാദിഹി മഫാഹീമുനാ’ (ഇതാണ് ഞങ്ങളുടെ ധാരണകൾ) എന്ന പേരിൽ ഒരു മറുപടി എഴുതിയിട്ടുണ്ട്. ആലു ശൈഖിന്റെ ഈ മറുപടി ഗ്രന്ഥത്തിൽ മേൽ പറഞ്ഞ ഹദീസും അതിന്റെ ദുർബലതയും സവിസ്തരം പ്രതിപാദിച്ച ശേഷം അദ്ദേഹം ഇപ്രകാരം വിശദീകരിച്ചിരിക്കുന്നു: ‘‘ഈ ഹദീസ് ദുർബലമാണെന്നതോടൊപ്പം അത് ദിക്റുകളുടെ കൂട്ടത്തിൽ പെട്ടതാണ്. മരണപ്പെട്ടവരോടും മറ്റും ചോദിക്കാം എന്നിങ്ങനെ അടിസ്ഥാന രഹിതമായ വാദം നടത്തുന്നവർക്ക് അവരുടെ പിഴച്ച വാദത്തിന് അതിൽ തെളിവില്ല. ഇവിടെ വഴി തെറ്റിയ ആൾ അഭിസംബോധന ചെയ്യുന്നവർ മലക്കുകളാണെന്ന കാര്യം വ്യക്തമാണ്. അവരോട് അഭിമുഖീകരിച്ച് പറയുന്നത് അവർ കേൾക്കുന്നു. അല്ലാഹുവിന്റെ അനുമതി പ്രകാരം അവർക്ക് ഉത്തരം ചെയ്യാനും കഴിയും. കാരണം അവർ ജീവനുള്ളവരും വഴി തെറ്റിയവനെ വഴികാണിക്കാൻ സാധിക്കുന്നവരുമാണ്. അവർ(മലക്കുകൾ) അല്ലാഹുവിന്റെ അടിമകളാണ്. മരുഭൂമിയിൽ വഴി തെറ്റിയവർക്ക് മാർഗദർശനം നൽകുകയെന്ന കാര്യത്തിൽ അല്ലാഹു കഴിവ് നൽകിയിട്ടുള്ള വിഷയത്തിൽ അവർക്ക് കേൾക്കാനും മറുപടി നൽകാനും കഴിയുന്ന ജീവനുള്ളവരാണവർ. ഏതെങ്കിലും ഒരു നിർണ്ണിത വ്യക്തിയെ പേരെടുത്ത് വിളിക്കാൻ ഈ ഹദീസുകൾ(ആസാർ) ആരെങ്കിലും തെളിവാക്കുകയാണെങ്കിൽ അവർ അല്ലാഹുവിന്റെ റസൂലിന്റെ പേരിൽ കടുത്ത വ്യാജമാണ് പറയുന്നത്. അയാൾ നബി(സ്വ)യുടെ വചനം ശരിക്കും ശ്രദ്ധിക്കുകയും വ്യക്തമായി പഠിക്കുകയും ചെയ്തിട്ടില്ല. അത്തരക്കാർ വിശേഷിച്ചും തന്നിഷ്ടത്തിന്റെ ആളുകളാണ് (അഹ്‌ലുൽ അഹ്‌വാഅ്, ഹാദിഹീ മഫാഹിമുനാ. പുറം: 51)

മരുഭൂമയിലെ വിജന സ്ഥലത്ത് ഉണ്ടെന്ന് പറയുന്ന അല്ലാഹുവിന്റെ അടിമകൾ ആരാണെന്നത് സംബന്ധിച്ച് പ്രമുഖരായ രണ്ട് സലഫീ പണ്ഡിതന്മാർ പ്രകടിപ്പിച്ച വീക്ഷണങ്ങളാണ് മുകളിൽ നാം വായിച്ചത്. മലക്കുകളോടോ ജിന്നുകളോടോ സഹായം തേടൽ അനുവദനീയമാണെന്നതിനുള്ള തെളിവായിട്ടല്ല അവർ ഇങ്ങനെയൊരു പരാമർശം നടത്തിയ

തെന്ന കാര്യവും സൂര്യപ്രകാശം പോലെ വ്യക്തമാണിവിടെ. മരിച്ച മനുഷ്യന്മാരോട് സഹായം തേടൽ അനുവദനീയമാണെന്ന് വാദിക്കുന്ന ക്വബൂരികൾ ഈ ഹദീസുകളെ തെളിവായി ഉദ്ധരിച്ചപ്പോൾ അതിൽ അവരുടെ വാദത്തിന് തെളിവില്ലെന്ന് ബോധ്യപ്പെടുത്താനാണ് സലഫീ പണ്ഡിതന്മാരൊക്കെ ശ്രമിച്ചത്.

മേൽ പരാമർശിച്ചതും സമാനമായതുമായ ഹദീസുകൾ ഉദ്ധരിച്ച് മരണപ്പെട്ടവരോടുള്ള ഇസ്തിഗാസക്ക് തെളിവുണ്ടാക്കാൻ പാടു പെടുന്നവർക്ക് ഖണ്ഡനമെഴുതിയ സലഫീ പണ്ഡിതന്മാരുടെ വിശകലനങ്ങളിൽ നിന്ന് കിട്ടുന്ന സംക്ഷിപ്ത ആശയം ഇവയാണ്.

1. ഹദീസുകൾ ദുർബലമായത് കൊണ്ട് അവ അവഗണിക്കേണ്ടതാണ്. ഈ ഹദീസനുസരിച്ച് 'അമൽ' ചെയ്യാമെന്ന് സലഫീ പണ്ഡിതൻമാർക്ക് അഭിപ്രായമില്ല.

2. ഇനി ഹദീസ് തെളിവിന് കൊള്ളാവുന്ന വിധം സ്വഹീഹാണെന്ന് കരുതിയാൽ തന്നെ മരണപ്പെട്ടവരോടോ അദൃശ്യരായ സ്ഥലത്തില്ലാത്തവരോടോ സഹായം തേടാനോ പ്രാർത്ഥിക്കാനോ അതിൽ തെളിവില്ല.

3. മരുഭൂമിയിൽ ഉണ്ടെന്ന് ഹദീസിൽ പറഞ്ഞ അല്ലാഹുവിന്റെ അടിമകൾ എന്നത് മരിച്ച് പോയ മഹാന്മാരുടെ ആത്മാവു(റിജാലുൽ ഗൈബ്)കളല്ല. മറിച്ച് അല്ലാഹുവിന്റെ കൽപ്പനകൾ നടപ്പാക്കുന്ന പ്രത്യേക മലക്കുകളാണ് എന്ന് ചിലർ അഭിപ്രായപ്പെട്ടിട്ടുണ്ട്. ഇതിൽ മലക്കുകളോ മുസ്ലിം ജിന്നുകളോ ആണുദ്ദേശ്യമെന്ന് പറഞ്ഞ ചിലരുമുണ്ട്.

4. മരുഭൂമിയിൽ ഒറ്റപ്പെട്ട് വഴിതെറ്റി പ്രയാസത്തിലായ ഒരാൾ അല്ലാഹുവിന്റെ അടിമകളേ എന്നെ സഹായിക്കണേ എന്ന് ഉറക്കെ വിളിച്ചു പറഞ്ഞാൽ ആ വിളിയിൽ ശിർക്ക് അഥവാ ബഹുദൈവത്വമില്ല. കാരണം ഹദീസിന്റെ സ്വിഹ്ഹത്തി(സ്വീകാര്യത)നെ കുറിച്ച് ബോധ്യമില്ലാത്ത ഒരാൾ അങ്ങനെ വിളിച്ച് പറയുമ്പോൾ അയാൾ കരുതുന്നത് അപ്രകാരം വിളിച്ച് പറയാൻ നിർദ്ദേശിച്ചത് റസൂലാണ് എന്നാണ്. അതു കൊണ്ടാണ് ചില പണ്ഡിതന്മാർ ''യാ ഇബാദല്ലാഹി അഈനൂനി'' എന്നതിനെ ദിക്റിന്റെ ഭാഗമായി ഗണിക്കാൻ കാരണം.

5. ഹദീസിൽ വന്നിട്ടുള്ള ''അല്ലാഹുവിന്റെ അടിമകളേ എന്നെ സഹായിക്കണേ,'' എന്ന വാചകം അതേ പോലെ പറയാനല്ലാതെ ''മലക്കേ സഹായിക്കണേ, ജിന്നേ സഹായിക്കണേ'' എന്നിങ്ങനെയോ മറ്റേതെങ്കിലും വ്യക്തികളേയോ പേരെടുത്ത് വിളിച്ച് സഹായം തേടാൻ അതിൽ തെളിവില്ല.

6. ഈ ഹദീസ് സ്വഹീഹാണെന്ന് കരുതി അമൽ ചെയ്യാമെന്ന് പറഞ്ഞവർ പോലും ഇത് മരുഭൂമിയിലെ വിജനതയിലേക്ക് മാത്രം പ്രത്യേകമായ (ഖാസ്സ്) ഒരു കാര്യമാണെന്നാണ് മേൽ ഹദീസുകളിൽ നിന്ന് മനസ്സിലാക്കിയിട്ടുള്ളത്. ആ സ്ഥലങ്ങളിൽ മനുഷ്യന് കാണാൻ കഴിയാത്ത അല്ലാഹുവിന്റെ കൽപ്പനക്കനുസരിച്ച് പ്രവർത്തിക്കുന്ന ചില പ്രത്യേക മലക്കുകളെ, അവൻ ഏർപ്പാടാക്കിയിട്ടുണ്ട്. 'യാ ഇബാദല്ലാഹി ആഈനൂനി' എന്ന് വഴി തെറ്റിയവൻ പറയുമ്പോൾ അയാൾക്ക് അജ്ഞാതമായ നിലയിൽ ആ മലക്കുകൾ അയാളെ സഹായിച്ചേക്കും എന്നുള്ളത് അല്ലാഹു നിശ്ചയിച്ചിട്ടുള്ള ഒരു കാര്യമാണെന്നേ വരുന്നുള്ളൂ. അത്കൊണ്ട് ആ വിളി ഹാജരുള്ളവരെയും കഴിവുള്ളവരെയും ഉദ്ദേശിച്ചാകയാൽ അതിൽ അങ്ങേയറ്റത്തെ താഴ്മ വരാത്തത് കൊണ്ട് അതിൽ ശിർക്കില്ല. മരുഭൂമിയുടെ വിജനതയിലേക്ക് മാത്രം ബാധകമായ ഇക്കാര്യത്തെ മറ്റു സ്ഥലങ്ങളിലേക്കും സന്ദർഭങ്ങളിലേക്കും സാഹചര്യങ്ങളിലേക്കും ബാധകമാക്കുന്നതും വിവേചന രഹിതമായി കൈകാര്യം ചെയ്യുന്നതും ആ ഹദീഥുകളുടെ തന്നെ താൽപര്യത്തിന് എതിരാണ്.

7. മരണപ്പെട്ടവരോടും സ്ഥലത്തില്ലാത്ത(ഗാഇബ്)വരോടും നടത്തുന്ന സഹായാർത്ഥനക ളാണ് പ്രാർത്ഥനയായി തീരുന്നത്. മരുഭൂമിയിൽ ഒറ്റപ്പെട്ട് വഴി അറിയാതെയായ ഒരാൾ 'യാഇബാദല്ലഹീ അഇൗനൂനി' എന്ന് പറഞ്ഞാൽ അതിൽ മരണപ്പെട്ടവരോടോ ഹാളിറല്ലാ ത്ത അഥവാ സ്ഥലത്തില്ലാത്തവരോടോ ഉള്ള സഹായാർത്ഥന ഉൾകൊള്ളുന്നില്ല. അത് കൊണ്ട് അത് പ്രാർത്ഥനയായോ ശിർക്കായോ ഗണിക്കാവതല്ല.

ഈ വിഷയകമായി സലഫീ പണ്ഡിതന്മാർ നടത്തിയിട്ടുള്ള വിശകലനങ്ങളിൽ നിന്ന് മന സ്സിലാകുന്ന വസ്തുതകളാണിവയൊക്കെ. ഇവിടെ സവിശേഷമായി നമ്മുടെ ശ്രദ്ധ പതി യേണ്ട ഒരു വിഷയമുണ്ട്. ഒരാൾ ഒരു വാദമുന്നയിക്കുകയും അതിന് തെളിവായി ഒരു ദുർബല ഹദീസ് കൊണ്ട് വരികയും ചെയ്താൽ ആ വാദത്തെ പൊളിക്കാൻ അയാൾ ഉ ദ്ധരിച്ച ഹദീസിന്റെ ദുർബലത തെളിയിച്ചാൽ മാത്രംമതി. ഹദീസ് തെളിവിന്ന് കൊള്ളാ ത്തതാണെന്ന് സ്ഥാപിക്കപ്പെടുന്നതോടെ ഉന്നയിക്കപ്പെട്ട വാദത്തിന് നിലനിൽപ്പില്ലാതാ യി. എന്നാൽ ഇവിടെ മരിച്ചവരോടുള്ള സഹായതേട്ടത്തിന് തെളിവായി ക്വുബൂരി ആശ യക്കാർ കൊണ്ടുവന്ന 'യാഇബാദല്ലാഹി അഇൗനൂനി' എന്ന വാക്യമുൾകൊള്ളുന്ന ഹദീ സിന്റെ ദുർബലത ബോധ്യപ്പെടുത്തിക്കൊണ്ട് മാത്രം വിഷയം അവസാനിപ്പിക്കുകയല്ല സലഫീ പണ്ഡിതന്മാർ ചെയ്തത്. മറിച്ച് അ ഹദീസ് സ്വഹീഹാണെന്ന് വരികയാണെ ങ്കിൽ തന്നെ അതിൽ നിന്ന് ലഭ്യമാകുന്ന ആശയങ്ങൾ എന്തൊക്കെയാണെന്ന് വിശദീക രിക്കുക കൂടി ചെയ്തിട്ടുണ്ട്. ഹദീസ് ദുർബലമാണെന്ന് വന്നതോടെ ഇങ്ങനെയൊരു വി ശദീകരണത്തിന് യഥാർത്ഥത്തിൽ സാംഗത്യമില്ല. എന്നിട്ടും സലഫീ പണ്ഡിതന്മാർ അപ്ര കാരം ചെയ്തത് എന്ത്കൊണ്ടാണ്?. ആ ഹദീസിന്റെ ആശയ സാധ്യതകളിലെവിടേയും മരിച്ചവരോടും സ്ഥലത്തില്ലാത്ത(ഗാഇബു)വരോടും പ്രാർത്ഥിക്കാനോ സഹായം തേടാ നോയുള്ള യാതൊരു പഴുതും ഇല്ലെന്ന് ബോധ്യപ്പെടുത്താൻ തന്നെ. മരുഭൂമിയിലെ വിജ നതയിൽ ഉണ്ടെന്ന് പറയുന്ന സഹായികളായ അല്ലാഹുവിന്റെ അടിമകൾ ക്വുബൂരികൾ പറയുന്ന മരിച്ച മനുഷ്യരല്ലെന്നും മറിച്ച് മലക്കുകളാണ് അത്കൊണ്ട് ഉദ്ദേശിക്കപ്പെടുന്ന തെന്നും പറഞ്ഞ പല സലഫീ പണ്ഡിതന്മാരുമുണ്ട്. അല്ലാമ സ്വാലിഹുബ്ൻ അബ്ദുൽ അസീസ് ആലുശൈഖ്, ശൈഖ് നാസിറുദ്ദീൻ അൽബാനി, തുടങ്ങിയ പലരും ആ അഭി പ്രായക്കാരാണ്. ക്വുബൂരി ആശയങ്ങൾക്കെതിരെ കടുത്ത നിലപാട് സ്വീകരിക്കുന്ന ഈ സലഫീ പണ്ഡിതന്മാർ ഇങ്ങനെ അഭിപ്രായപെട്ടതിന്റെ പേരിൽ അവരെ കുറിച്ച് മലക്കുക ളോട് സഹായാർത്ഥന നടത്താൻ അനുമതി നൽകിയവരാണെന്നോ സലഫികളിൽ ശിർ ക്ക് കടത്തിക്കൂട്ടാൻ ശ്രമിച്ചവരാണെന്നോ ഉള്ള ഒരൊറ്റ ആരോപണവും ഇന്നോളം ഉയർ ന്നിട്ടില്ലെന്നതാണ് വസ്തുത. ജിന്നുകളോടും മലക്കുകളോടും മറ്റു സൃഷ്ടികളോടും പ്രാർത്ഥനയും സഹായാത്ഥനയും നടത്തുന്ന വിഷയം ശിർക്കാണെന്ന് തുറന്ന് പ്രഖ്യാപി ച്ചവരാണ് മേൽപരാമർശിക്കപ്പെട്ട പണ്ഡിതരൊക്കെയും. എന്നാൽ 'യാ ഇബാദല്ലാഹി അഇൗനൂനി' എന്ന വാക്യം ഉൾകൊള്ളുന്ന ഹദീസിന്റെ വിഷയത്തിൽ അവർ പറഞ്ഞിട്ടു ള്ള വീക്ഷണം പ്രാർത്ഥനയോ ആരാധനയോ ആയി ബന്ധപ്പെട്ടതല്ലെന്ന് മനസ്സിലാക്കാൻ ഒരു പ്രയാസവുമില്ല. അത് രണ്ടിനേയും തീർത്തും വ്യത്യസ്ഥമായ സംഗതികളായാണ് സലഫി പണ്ഡിതന്മാരൊക്കെയും കണ്ടത്. 'യാ ഇബാദല്ലാഹി ആഇൗനൂനി' അല്ലാഹുവി ന്റെ അടിമകളേ എന്നെ സഹായിക്കണേ എന്ന് ഒരാൾ ആ ഹദീസിന്റെ ആശയ സാഹച ര്യ പരിസരത്തിനുള്ളിൽ നിന്ന്കൊണ്ട് വിളിക്കുന്നത് ശിർക്കാണെന്ന് പറഞ്ഞ ഒരൊറ്റ സലഫീ പണ്ഡിതനെയും ഉദ്ധരിക്കാനാകില്ലെന്നതാണ് നേർക്കുനേരെയുള്ള സത്യം. ഇതി ന്റെ പേരിൽ ഇപ്പോൾ ബഹളവും കലാപങ്ങളുമുണ്ടാക്കുന്ന ആർക്കും അതിന്ന് സാധിച്ചി ട്ടില്ല. ''അങ്ങനെയായാൽ ഇങ്ങനെയാകില്ലേ ഇങ്ങനെയായാൽ അങ്ങനെയാകില്ലേ'' എന്നി ങ്ങനെയുള്ള യുക്തിന്യായങ്ങളും വാചക കസർത്തുകളും മാത്രമേ അത്തരക്കാർക്ക് പറ യാനുള്ളൂ. ഒരു ആയത്തോ ഹദീസോ, മനസ്സിലാക്കുന്നതിനും വ്യാഖ്യാനിക്കുന്നതിനും മുൻഗാമികൾ നിശ്ചയിച്ചിട്ടുള്ള ചില മാനദണ്ഡങ്ങളും രീതി ശാസ്ത്രങ്ങളുമുണ്ട്. ആ മാർ

ഗ്ഗം അഥവാ സലഫി മൻഹജിന്ന് വിധേയമായി മുൻഗാമികൾ മേൽപറഞ്ഞ ഹദീസുകളെ മനസിലാക്കിയ അതേരീതിതന്നെ ഇവിടെ അവലംബിക്കുകയാണെങ്കിൽ പക്ഷാന്തരങ്ങൾക്കും വിഭാഗീയതകൾക്കും  ഒരു പഴുതുമില്ലെന്നതാണ് വസ്തുത.

പ്രമുഖ പണ്ഡിതനായ പി അബ്ദുൽ ജബ്ബാർ മൗലവി 2007ൽ ഇസ്‌ലാഹ് മാസികയിൽ എഴുതിയ ഒരു ലേഖനത്തിലെ ചില പരാമർശങ്ങളാണ് കേരളത്തിൽ പ്രശ്നങ്ങളുണ്ടാക്കിയത് എന്നാണ് ചിലർ പ്രചരിപ്പിക്കുന്നത്. സൂക്ഷ്മ വിശകലനത്തിൽ നേരത്തെ പരാമർശിക്കപ്പെട്ട സലഫീ പണ്ഡിതന്മാരുടെ വീക്ഷണങ്ങളോട് സമരസപ്പെട്ട് പോകുന്ന ഒരു വീക്ഷണം മാത്രമാണ് അബ്ദുൽ ജബ്ബാർ മൗലവിയുടേതുമെന്ന് മനസ്സിലാക്കാൻ പ്രയാസമില്ല. ജിന്നുകളോടോ മലക്കുകളോടോ സഹായം തേടുന്നത് സംബന്ധിച്ചോ അതിന്റെ മത വിധി ഇന്നതാണെന്നോ വിശകലനം ചെയ്യുന്ന ഒരു സ്വതന്ത്ര ലേഖനമായിരുന്നില്ല അബ്ദുൽ ജബ്ബാർ മൗലവി ഇസ്‌ലാഹിൽ എഴുതിയത്. വാക്കുകൾ പ്രയോഗിക്കുന്നതിലോ ആശയത്തിന്റെ ആവിഷ്ക്കാരത്തിലോ ആർക്കും അബദ്ധങ്ങളോ പിഴവുകളോ സംഭവിച്ചേക്കാം. വായനക്കാർ തെറ്റായ ആശയത്തിൽ കാര്യങ്ങൾ മനസ്സിലാക്കിയെന്നും വരാം. അബ്ദുൽ ജബ്ബാർ മൗലവിയുടെ വിവാദ ലേഖനവും മുജാഹിദുകൾക്കിടയിൽ ആശയപരമായ സങ്കീർണ്ണതകളോ 'തശ്‌വീശു'കളോ ഉണ്ടാക്കാൻ കാരണമായിരിക്കാം. അങ്ങനെയുള്ളത് കൊണ്ടാണ് പ്രമുഖ മുജാഹിദ് പണ്ഡിതന്മാർ ഇടപെട്ട് കൊണ്ട് അബ്ദുൽ ജബ്ബാർ മൗലവിയുടെ ലേഖനത്തിലെ തെറ്റിദ്ധരിക്കാനിടയുള്ള പ്രയോഗങ്ങൾക്ക് ചില വിശദീകരണങ്ങൾ തയ്യാറാക്കി ഇസ്‌ലാഹിൽ തന്നെ പ്രസിദ്ധീകരിച്ചത്. ഈ നിലയിൽ സദുദ്ദേശത്തോടെ പ്രശ്നത്തെ സമീപിക്കുന്നതിന് പകരം വിഷയത്തിന്റെ മുഖമാകെ മാറ്റി മറിക്കുന്നതാണ് പിന്നീട് കണ്ടത്. അബ്ദുൽ ജബ്ബാർ മൗലവി ജിന്നിനോടും മലക്കിനോടും സഹായം തേടുന്നത് ശരിയാണെന്ന് വാദിക്കുന്ന ആളാണെന്നും അദ്ദേഹവും അദ്ദേഹത്തെ അനുകൂലിക്കുന്ന വേറെ ചിലയാളുകളും കൂടി കേരളത്തിലെ മുജാഹിദുകളെ ശിർക്കിലേക്ക് നയിക്കുകയാണെന്നുമാണ് പിന്നീടുണ്ടായ ആരോപണങ്ങൾ. ഈ പ്രചാരണം തീർത്തും ദുരുപധിഷ്ടമാണ് എന്ന് പറയേണ്ടി വന്നതിൽ വേദനയുണ്ട്.

അബ്ദുൽ ജബ്ബാർ മൗലവിയുടെ വിവാദവൽക്കരിക്കപ്പെട്ട പരാമർശം ഇങ്ങനെയായിരുന്നു. ''പകൽ വെളിച്ചത്തിൽ വിജനമായ മരുഭൂമിയിലൂടെ നടന്ന് നീങ്ങുന്ന ഒരാൾ പരിസരത്ത് ആരേയും കാണുന്നില്ല. ഇവിടെ എന്റെ ശബ്ദം കേൾക്കുന്ന ആരെങ്കിലും (മനുഷ്യൻ മലക്ക് ജിന്ന് ) എന്നെ സഹായിക്കട്ടെ എന്ന് നിനച്ച് പടപ്പുകളേ എന്നെ സഹായിക്കണേ എനിക്ക് വഴി കാണിച്ചു തരണേ എന്ന് ഉച്ചത്തിൽ വിളിച്ച് പറയുന്നുവെങ്കിൽ അഭൗതിക മാർഗ്ഗത്തിലുള്ള സഹായതേട്ടം അതിലില്ല.'' (ഇസ്‌ലാഹ്. 2007. ഏപ്രിൽ)

എസ് വൈ എസ് നേതാവ് അമ്പലക്കടവ് അബ്ദുൽ ഹമീദ് ഫൈസിക്കുള്ള ഒരു ഖണ്ഡന ലേഖനത്തിലാണ് മേൽ പരാമർശം അബ്ദുൽ ജബ്ബാർ മൗലവി നടത്തിയത്. ''മലക്ക് ജിന്ന് തുടങ്ങിയ അദൃശ്യരായ സൃഷ്ടികൾ മനുഷ്യനിൽ അഭൗതികമായി സ്വാധീനിക്കുന്നു എന്നത് മുസ്‌ലിംകളുടെ വിശ്വാസമാണ്.'' എന്നാണ് ഫൈസി ഒരു ലേഖനത്തിൽ എഴുതിയത്. ഈ വീക്ഷണത്തെ ചോദ്യം ചെയ്യുകയാണ് അബ്ദുൽ ജബ്ബാർ മൗലവി. മനുഷ്യരെ സംബന്ധിച്ചിടത്തോളം അദൃശ്യ സൃഷ്ടികളായ മലക്കുകളും ജിന്നുകളും ചെയ്തു കൊണ്ടിരിക്കുന്ന കാര്യങ്ങളൊക്കെ ഭൗതിക കാര്യങ്ങൾ തന്നെയാണെന്നും അവയെ കുറിച്ച് അഭൗതികം എന്ന് പറയാൻ പറ്റില്ലെന്നുമാണ് അബ്ദുൽ ജബ്ബാർ മൗലവി വാദിച്ചത്. അല്ലാഹുവിന്ന് മാത്രം സാധിക്കുന്നതും സൃഷ്ടികൾകൊന്നും സാധിക്കാത്തതുമായ കാര്യങ്ങൾക്ക് മാത്രമേ അഭൗതിക കാര്യങ്ങളെന്ന് പറയുകയുള്ളൂ. പ്രവാചകന്മാരിലൂടെ അല്ലാഹു വെളിപ്പെടുത്തുന്ന മുഅ്ജിസത്തുകളും മഹത്തുക്കളിലൂടെ വെളിപ്പെടുത്തുന്ന കറാമത്തുകളും മാത്രമേ സൃഷ്ടികളിലൂടെയുണ്ടാകുന്ന അഭൗതിക കാര്യങ്ങളിൽ വരികയുള്ളൂ എന്നും അല്ലാത്ത കാര്യങ്ങൾ അത് ജിന്നിൽ നിന്നോ മലക്കിൽ നിന്നോ ഏത് സൃ

ഷ്ടിയിൽ നിന്നുള്ളതോ ആകട്ടെ അവയൊക്കെയും ഭൗതിക കാര്യങ്ങളാണ് എന്നുമാണ് മൗലവി വിശദീകരിച്ചത്. ആ വീക്ഷണത്തിലും ഒരു പക്ഷെ ആളുകൾക്ക് ആശയകുഴപ്പമോ തെറ്റിദ്ധാരണയോ ഉണ്ടായേക്കാം. എന്നാലും ക്വുബൂരിവീക്ഷണങ്ങളെ ഖണ്ഡിക്കുവാൻ വേണ്ടിയാണ് മൗലവി അതെഴുതിയതെന്ന കാര്യം പാടേ അവഗണിച്ചുകൊണ്ട് അദ്ദേഹം ജനങ്ങളെ ശിർക്കിലേക്ക് നയിക്കുകയാണ് ചെയ്യുന്നതെന്ന് പറയുന്നതിന്റെ പൊരുളാണ് പിടികിട്ടാത്തത്.

മരുഭൂമിയുടെ വിജനതയിലൂടെ നടന്ന് നീങ്ങുന്ന ഒരാൾ വഴിയറിയാതെ പ്രയാസപ്പെടുമ്പോൾ തന്റെ ശബ്ദ പരിധിയിലുള്ള ആരെങ്കിലും സഹായിക്കട്ടെ എന്ന് വിചാരിച്ചുകൊണ്ട് അല്ലാഹുവിന്റെ അടിമകളേ എന്ന സഹായിക്കണേ എന്ന് വിളിച്ചു പറയുമ്പോൾ ആ വിളിയിൽ അഭൗതിക മാർഗ്ഗേനയുള്ള സഹായം തേട്ടമില്ല എന്നാണ് ജബ്ബാർ മൗലവി എഴുതിയത്.

ജിന്നുകളും മലക്കുകളും മനുഷ്യരിൽ സ്വാധീനിക്കുന്നു എന്നത് ക്വുർആൻ കൊണ്ടും സുന്നത്ത് കൊണ്ടും സ്ഥിരപ്പെട്ട എതിരഭിപ്രായമില്ലാത്ത കാര്യമാണ്. ആ സ്വാധീനങ്ങൾ അഭൗതികമാണെന്നാണ് അമ്പലക്കടവ് ഫൈസിയുടെ വാദം. അബ്ദുൽ ജബ്ബാർ മൗലവിയാകട്ടെ അത് ഭൗതികമാണെന്നും വാദിക്കുന്നു. ഇതിൽ ഏത് വീക്ഷണമാണ് ശരിയെന്നതാണ് പ്രശ്നം. അബ്ദുൽ ജബ്ബാർ മൗലവിയുടെ വീക്ഷണത്തോട് വിയോജിക്കുന്നവർ യഥാർത്ഥത്തിൽ ചെയ്യേണ്ടത് അത് അഭൗതികമാണ് എന്ന് തെളിയിക്കലാണല്ലോ. അഭൗതികമാണ് എന്ന് തെളിയിക്കുന്നതോടെ പ്രശ്നം അവസാനിപ്പിക്കാവുന്നതാണ്. അതു ചെയ്യാതെ അബ്ദുൽ ജബ്ബാർ മൗലവി പുതിയ വാദങ്ങൾ ഉന്നയിച്ച് ശിർക്കിലേക്ക് കൊണ്ടുപോകുന്നു എന്നു പ്രചരിപ്പിക്കാനാണ് ശ്രമിക്കുന്നത്.

റക്വീബ്–അതീദ് മലക്ക് മനുഷ്യൻ ചെയ്യുന്ന നന്മ തിന്മകളോരോന്നും യഥാ സമയങ്ങളിൽ എഴുതി രേഖപ്പെടുത്തുന്നു. ഓരോ വിശ്വാസിയുടെ കൂടെയും അല്ലാഹു സംരക്ഷകന്മാരായ മലക്കുകളെ നിയോഗിച്ചിട്ടുണ്ട്. അവർ വിശ്വാസികളെ സംരക്ഷിക്കുന്നു. ജിന്നുവർഗ്ഗത്തിൽപെട്ട പിശാചുക്കൾ മനുഷ്യനെ നേരായ വഴിയിൽ നിന്ന് തെറ്റിച്ചുകൊണ്ടിരിക്കുന്നു. അവർ മനുഷ്യ മനസ്സിൽ ദുർബോധനങ്ങൾ ഉണ്ടാക്കി കൊണ്ടിരിക്കുന്നു. എന്നിങ്ങനെയുള്ള കാര്യങ്ങൾ എല്ലാ മുസ്‌ലിമീങ്ങളും അംഗീകരിക്കുന്നു. അത് അംഗീകരിക്കേണ്ട സംഗതികളാണ്. മനുഷ്യർക്ക് അദൃശ്യമായ ജിന്നുകളും മലക്കുകളും പിശാചുക്കളും മനുഷ്യരെ ദ്രോഹിക്കുകയോ സംരക്ഷിക്കുകയോ ചെയ്യുന്നത് ഭൗതിക മാർഗ്ഗത്തിലൂടെയാണെന്നാണോ? അതോ അഭൗതിക മാർഗ്ഗത്തിലൂടെയാണെന്നാണോ? എങ്ങനെയാണ് നാം വിശ്വസിക്കേണ്ടത്? കാര്യകാരണ ബന്ധങ്ങൾക്കതീതമായി അഭൗതിക മാർഗ്ഗത്തിൽ മനുഷ്യനിൽ സ്വാധീനം ചെലുത്താൻ അല്ലഹുവിന്നല്ലാതെ മറ്റാർക്കും സാധ്യമല്ലെന്ന് വിശ്വസിക്കുന്നതാണ് തൗഹീദ്. അതിന്നെതിരായ വിശ്വാസം ശിർക്കായാണ് കലാശിക്കുക. അപ്പോൾ മനുഷ്യന് കാണാൻ കഴിയാത്ത സൃഷ്ടികളായ ജിന്നുകൾക്കോ പിശാചുകൾക്കോ മലക്കുകൾക്കോ അവർക്ക് അല്ലാഹു നൽകിയ സവിശേഷമായ പ്രകൃതത്തിന് വിധേയമായി ചെയ്തുകൊണ്ടിരിക്കുന്ന കാര്യങ്ങളൊക്കെയും ഭൗതിക കാര്യങ്ങളാണെന്ന് മനസ്സിലാക്കുന്നതല്ലേ ശരിയായ സമീപനം. (ഈ കാര്യം മുൻകാല മുജാഹിദ് പ്രസിദ്ധീകരണങ്ങളിൽ സുലഭമാണ്.)

അതിൽ നിന്ന് വ്യത്യസ്തമായി കാര്യകാരണ ബന്ധങ്ങൾക്കതീതമായി അഭൗതിക മാർഗ്ഗേന ഏതെങ്കിലും സൃഷ്ടികൾക്ക് മനുഷ്യനെ സ്വാധീനിക്കാൻ കഴിയുമെന്ന് ആരെങ്കിലും വിശ്വസിച്ചാൽ ആ വിശ്വാസം കൊണ്ട് തന്നെ അയാളിൽ ശിർക്ക് സംഭവിക്കുമല്ലോ? ഉദാഹരണത്തിന് 6–ാം നൂറ്റാണ്ടിൽ മരണപ്പെട്ട് പോയ ശൈഖ് മുഹ്‌യുദ്ദീൻ അബ്ദുൽ ഖാദിർ ജീലാനിയും അതേപോലെ ഔലിയാക്കന്മാരെന്ന് കരുതപ്പെടുന്ന പല മഹാന്മാരും

ഇന്ന് ജീവിച്ചിരിക്കുന്ന മനുഷ്യരുടെ മനോഗതങ്ങൾ അറിയുന്നുണ്ടെന്നും അവരോട് എപ്പോൾ സഹായഭ്യർത്ഥന നടത്തിയാലും അവർക്ക് സഹായിക്കാൻ കഴിയുമെന്നും ഒരാൾ വിശ്വസിച്ചാൽ ആ വിശ്വാസം കൊണ്ട് തന്നെ ശിർക്ക് സംഭവിക്കുന്നു. അവരോട് സഹായർത്ഥന നടത്തുന്നതോടെ ശിർക്ക് അയാളിൽ പ്രാവർത്തികമാകുന്നു. അല്ലാഹുവിന്ന് മാത്രം കഴിയുന്ന ഒരു കാര്യം സൃഷ്ടികളിൽ ആരോപിക്കുകയും ആ സൃഷ്ടികൾക്ക് കാര്യകാരണ ബന്ധങ്ങൾക്ക് അതീതമായി അഭൗതിക മാർഗ്ഗേന മനുഷ്യനെ സ്വധീനിക്കാൻ കഴിയുമെന്നും മനുഷ്യർക്ക് സഹായം നൽകാൻ കഴിയുമെന്നുമുള്ള വിശ്വാസമാണ് ഇവിടെ ശിർക്കിന് കാരണമായത്. മൺമറഞ്ഞ് പോയ മഹാന്മാരോടുള്ള സഹായാർത്ഥന കാര്യകാരണ ബന്ധങ്ങൾക്കതീതവും അഭൗതികവുമാണെന്നും അതിനാൽ അത് പ്രാർത്ഥനയും ആരാധനയും ശിർക്കുമാണെന്നുള്ള സലഫികളുടെ ആദർശബോധത്തെ ആശയക്കുഴപ്പത്തിലാക്കുന്നതിന് വേണ്ടിയാണ് യഥാർത്ഥത്തിൽ അമ്പലക്കടവ് ഫൈസി ജിന്നിനേയും മലക്കിനേയും ഇവിടേക്ക് വലിച്ചിഴച്ചതും അവർ മനുഷ്യനിൽ ഉണ്ടാക്കുന്ന സ്വധീനങ്ങൾ അഭൗതികമാണെന്ന് വ്യാഖ്യാനിച്ചതും. ഖുബൂരിസത്തിന്റെ ഈ ദുഷ്ടലക്ഷ്യം മുന്നിൽ കണ്ട്കൊണ്ടാണ് അവരുടെ പ്രവർത്തനങ്ങൾ ഭൗതികമാണെന്ന് അബ്ദുൽ ജബ്ബാർ മൗലവി വ്യക്തമാക്കിയത്.

മലക്കുകളും ജിന്നുകളും പിശാചുകളും അല്ലാഹുവിന്റെ സൃഷ്ടികളാണ്. അവയെല്ലാം അവക്ക് അല്ലാഹു നൽകിയ പ്രകൃതമനുസരിച്ച് പ്രവർത്തിക്കുന്നു. മനുഷ്യർക്ക് അജ്ഞാതമായ വിധത്തിൽ അവ മനുഷ്യരിൽ സ്വധീനം ചെലുത്തിക്കൊണ്ടിരിക്കുന്നു. അക്കാര്യങ്ങളൊക്കെ വിശുദ്ധ ഖുർആൻ കൊണ്ടും നബി(സ്വ)യുടെ തിരുമൊഴികളിലൂടെയും സ്ഥിരപ്പെട്ട സത്യങ്ങളാണ്. അവക്ക് നൽകപ്പെട്ട പ്രകൃതത്തിനനുസരിച്ച് അവ നടത്തുന്ന പ്രവർത്തനങ്ങളൊക്കെ ഭൗതിക കാര്യമായാണ് കാണേണ്ടത്.

മരണപ്പെട്ട്പോയ മഹാന്മാരെ കുറിച്ചും അമ്പിയാ-ഔലിയാക്കളെ കുറിച്ചും ഖുബൂരി ആദർശക്കാർ വെച്ച് പുലർത്തുന്ന വിശ്വാസവും മേൽ പറഞ്ഞ കാര്യങ്ങളും രണ്ടും രണ്ടായാണ് മനസ്സിലാക്കേണ്ടത്. അത് തമ്മിൽ കൂട്ടിക്കലർത്തുന്നതാണ് പ്രശ്നം. മലക്ക്, ജിന്ന്, പിശാച് എന്നിവയെക്കുറിച്ച് മുസ്ലിംകൾ വിശ്വസിക്കുന്ന കാര്യങ്ങൾ പ്രമാണങ്ങൾ കൊണ്ട് സ്ഥിരപ്പെട്ടതാണ്. എന്നാൽ മരണപ്പെട്ട് പോയ അമ്പിയ-ഔലിയാക്കളെക്കുറിച്ച് ഖുബൂരികൾ വെച്ച് പുലർത്തുന്ന ആശയങ്ങളോ വീക്ഷണങ്ങളോ വിശ്വാസങ്ങളോ ഒന്നും ഇസ്ലാമിന്റെ ഒരു പ്രമാണം കൊണ്ടും സ്ഥിരപ്പെട്ടതല്ല. മരണപ്പെട്ട് പോയ മഹത്തുക്കളാരെങ്കിലും ജീവിച്ചിരിക്കുന്ന മനുഷ്യരുടെ പ്രയാസങ്ങളും പ്രശ്നങ്ങളും അറിയുന്നുണ്ടെന്നോ അവർക്ക് അത് പരഹരിക്കാൻ കഴിയുമെന്നോ അത് കൊണ്ട് അവരോട് സഹായം തേടാമെന്നോ വിശുദ്ധ പ്രമാണങ്ങൾ കൊണ്ട് തെളിയുന്നുവെങ്കിൽ അപ്പോൾ അക്കാര്യങ്ങളേയും ഭൗതിക കാര്യങ്ങളായി നമുക്ക് കാണാമായിരിക്കും. പക്ഷെ എന്ത് ചെയ്യാൻ? അങ്ങനെയൊരു പ്രമാണം സ്ഥിരപ്പെട്ടിട്ടില്ലല്ലോ? സ്ഥിരപ്പെടാത്ത ഒരു കാര്യത്തെ ന്യായീകരിക്കുന്നതിന് വേണ്ടി സ്ഥിരപ്പെട്ട വസ്തുതകളിൽ ആശയക്കുഴപ്പം ഉണ്ടാക്കുകയെന്ന ഖുബൂരിസത്തിന്റെ നയമാണ് ഇവിടെ യഥാർത്ഥ വില്ലനായി നിൽക്കുന്നത്.

ഭൗതിക കാര്യങ്ങളും അഭൗതിക കാര്യങ്ങളും വേർതിരിക്കാൻ പൊതുവെ മനുഷ്യർ സ്വീകരിക്കുന്ന മാനദണ്ഡങ്ങളെ മതപരമായ കാര്യങ്ങൾ മനസ്സിലാക്കുന്നതിന്നു അക്ഷരാർത്ഥത്തിൽ ഉപയോഗിക്കുന്നതാണ് ഇവിടെ ആശയകുഴപ്പമുണ്ടാക്കുന്ന ഒരു കാര്യം. കാര്യകാരണങ്ങൾ ഇന്നതാണെന്ന് മനുഷ്യന് വ്യവഹരിക്കാൻ കഴിയുന്ന സംഗതികളെ ഭൗതിക കാര്യങ്ങളെന്നും കാര്യകാരണങ്ങൾ ഇന്നതാണെന്നു മനുഷ്യർക്ക് മനസ്സിലാക്കാൻ പറ്റാത്ത കാര്യങ്ങളെ അഭൗതിക കാര്യങ്ങളായും മനസ്സിലാക്കുന്ന രീതിയാണ് പൊതുവേയുള്ളത്. മനുഷ്യന്റെ പഠനത്തിനും പഞ്ചേന്ദ്രിയങ്ങൾക്കും വിധേയമാകുന്നതും വിധേയമാക്കാവുന്നതുമായ കാര്യങ്ങളെ ഭൗതിക കാര്യങ്ങളായും അല്ലാത്തവയൊക്കെ അഭൗതിക

കാര്യങ്ങളായും വിലയിരുത്തുന്ന രീതിയും കാണാനാകും. ഈ മാനദണ്ഡങ്ങൾ മതകാര്യങ്ങൾ മനസ്സിലാക്കുന്നതിന് അതേ പോലെ ഉപയോഗിച്ചാൽ സംഭവിക്കാവുന്ന ചില സങ്കീർണ്ണതകളുണ്ട്. സൃഷ്ടികളിൽ നിന്ന് ഭൗതികമായുണ്ടാകുന്ന കാര്യങ്ങളൊന്നും ശിർക്കും– തൗഹീദുമായി ബന്ധപ്പെട്ട വിശ്വാസ വിഷയങ്ങളിൽ കടന്ന് വരികയില്ല. എന്നാൽ സൃഷ്ടികളെക്കുറിച്ച് മനുഷ്യൻ വെച്ച് പുലർത്തുന്ന അഭൗതികമായ കഴിവുകളും സ്വാധീനങ്ങളുമാണ് ബഹുദൈവത്വ വിശ്വാസമായി മാറുന്നത്. അതുകൊണ്ട് ഭൗതികം–അഭൗതികം എന്നിങ്ങനെ വിഷയങ്ങളെ രണ്ടായി വിഭജിക്കുന്നതിൽ നല്ല സൂക്ഷ്മത പുലർത്തേണ്ടതുണ്ട്. അല്ലെങ്കിൽ ശിർക്കും തൗഹീദും മനസിലാക്കുന്നതിൽ പിഴവ് സംഭവിക്കലായിരിക്കും ഫലം.

കാര്യകാരണങ്ങൾ ഇന്നതാണെന്ന് ബോധ്യപ്പെടാത്തതും മനുഷ്യന് പഠന വിധേയമാക്കാൻ പറ്റാത്തതുമായ പല കാര്യങ്ങളും മനുഷ്യരുടേതടക്കം പല സൃഷ്ടികളിൽ നിന്ന് ഉണ്ടായിക്കൊണ്ടിരിക്കുന്നുണ്ട്. മനുഷ്യന് പഠന വിധേയമാക്കാൻ പറ്റുന്നതാണെങ്കിലും അല്ലെങ്കിലും കാര്യകാരണങ്ങൾ ഇന്നതാണെന്ന് നിജപ്പെടുത്താൻ കഴിയുന്നതാണെങ്കിലും അല്ലെങ്കിലും സൃഷ്ടികളിൽ നിന്ന് സംഭവിക്കുന്നതൊക്കെ ഭൗതിക കാര്യങ്ങളാണെന്ന് അടിസ്ഥാനപരമായി അംഗീകരിച്ചില്ലെങ്കിൽ ശിർക്കല്ലാത്ത പല കാര്യങ്ങളും ശിർക്കാണെന്ന് പറയേണ്ടി വരും. മനുഷ്യരിൽ നിന്നും മനുഷ്യന്റെ ചില പ്രവർത്തനങ്ങളിൽ നിന്നും കാര്യകാരണങ്ങൾ ഇന്നതെന്ന് നിജപ്പെടുത്താൻ കഴിയാത്തതും മനുഷ്യന് പഠന വിധേയമാക്കാൻ പറ്റാത്തതുമായ ചില പ്രതിഫലനങ്ങൾ ഉണ്ടാകുന്നുണ്ട് എന്ന് ക്വുർആൻ കൊണ്ടും ഹദീസ് കൊണ്ടും തെളിയുന്നതാണ്. അക്കൂട്ടത്തിലൊന്നാണ് ദൃഷ്ടിദോഷം അഥവാ കണ്ണേറ്. ബുഖാരി, മുസ്‌ലിം തുടങ്ങിയ മുഹദ്ദിസുകൾ തങ്ങളുടെ സ്വഹീഹുകളിൽ ഉദ്ധരിച്ച ഹദീസുകളിലൂടെ സ്ഥിരപ്പെട്ട കാര്യമാണത്. ഒരാൾ മറ്റൊരാളെയോ വസ്തുവിനേയോ നോക്കി അത്ഭുതം കൂറി പറയുന്ന വാക്കുകൾ അതിന് വിധേയമാകുന്ന ആളിലോ വസ്തുവിലോ ഉണ്ടാക്കുന്ന മാനസികമോ ശാരീരികമോ മറ്റോ ആയ പ്രശ്നങ്ങൾക്കോ, ദോഷങ്ങൾക്കോ ആണ് കണ്ണേറ് എന്ന് പറയുന്നത്. ചില മോഡേണിസ്റ്റുകൾ ഇതിനെ അന്ധവിശ്വാസമായി തള്ളും. കണ്ണേറ് സംഭവിക്കുമെന്ന് വിശ്വസിക്കുന്നത് ശിർക്കൻ വിശ്വാസമാണെന്ന് ചിലർ കരുതുന്നു. കരണം കണ്ണേൽക്കുന്നതിന്റെ കാര്യകാരണബന്ധം ഇന്നതാണെന്ന് മനസ്സിലാക്കാൻ പറ്റാത്തതും അത് മനുഷ്യന്റെ പഠനങ്ങൾക്ക് വഴിപ്പെടാത്ത കാര്യവുമായതിനാൽ അത് അഭൗതിക കാര്യമായി തെറ്റിദ്ധരിച്ചു എന്നതാണതിന്റെ കാരണം.

ഇക്കൂട്ടത്തിൽപെട്ട മറ്റൊരു കാര്യമാണ് സിഹ്റ് അഥവാ മാരണം. മാരണക്കാരൻ ചെയ്യുന്ന ചില പ്രവർത്തികൾ അത് വഴി ലക്ഷ്യമിടുന്ന വ്യക്തികളിൽ മാനസികമായും ശാരീരികമായും പല പ്രശ്നങ്ങളും ബുദ്ധിമുട്ടുകളുമുണ്ടാക്കുമെന്നത് ഇസ്‌ലാമിന്റെ പ്രമാണങ്ങൾ കൊണ്ട് വ്യക്തമായ കാര്യമാണ്. ആഭിചാരവൃത്തികൾ ചെയ്യരുതെന്നും അത് ചെയ്യുന്നത് ഏഴ് മഹാപാപങ്ങളിൽ രണ്ടാമതായി നബി(സ്വ) എണ്ണിപ്പറയുകയും ചെയ്തതാണ്. മാരണം എങ്ങനെയാണ് മനുഷ്യനെ ബാധിക്കുന്നത്? മാരണ പ്രവർത്തി വഴി മനുഷ്യനിൽ ദുഷ്ഫലങ്ങൾ ഉണ്ടാകുന്നതിന്റെ കാര്യകാരണങ്ങൾ എന്താണ്? അങ്ങനെയുണ്ടാകുമെന്ന കാര്യം മനുഷ്യന് പഠന വിധേയമാക്കി മനസിലാക്കാൻ കഴിയുന്നതാണോ? ഒരാഭിചാരക്കാരന്റെ മാരണ പ്രവർത്തി ഉണ്ടാക്കുന്ന ദുഷ്ഫലങ്ങൾ അദൃശ്യവും അജ്ഞാതവുമാണെന്നതിനാൽ മാത്രം അതിനെപ്പറ്റി അഭൗതിക കാര്യമെന്ന് പറയാൻ പറ്റുമോ? അങ്ങനെ വരുമ്പോൾ സിഹ്റിന്ന് സ്വാധീനമുണ്ട് എന്ന് വിശ്വസിക്കുന്നത് തന്നെ ശിർക്ക് അഥവാ ബഹുദൈവത്വ വിശ്വാസമാണെന്ന് പറയേണ്ടിവരുമല്ലോ? ഈ ധാരണാപിശകാണല്ലോ അബ്ദുസ്സലാം സുല്ലമിയെ വഴിതെറ്റിച്ചത്. സിഹ്റ് ഫലിക്കുമെന്ന് വിശ്വസിക്കുന്നത് ശിർക്ക്പരമായ വിശ്വാസമാണെന്ന് അദ്ദേഹം പറയാൻ കാരണം അതല്ലേ? എന്നാൽ ഇസ്‌ലാമിക പ്രമാണങ്ങൾ സിഹ്റിനേയോ കണ്ണേറിനേയോ അതിന്റെ സ്വാധീന

ങ്ങൾ അംഗീകരിക്കുന്നതിനേയോ ശിർക്കുമായി ബന്ധപ്പെടുത്തി എവിടേയും പറഞ്ഞിട്ടില്ലല്ലോ? സൃഷ്ടികളിൽ നിന്നുണ്ടാകുന്നതൊക്കെ ഭൗതിക കാര്യങ്ങളാണ്, അവക്കൊന്നും അഭൗതികമാനം നൽകുന്നത് ശരിയല്ലെന്ന് പറയുന്നത് ഇത്തരം സങ്കീർണ്ണതകൾ ഓഴിവാക്കുവാനാണ്.

പ്രപഞ്ച വ്യവസ്ഥയിലും ചരാചരങ്ങളുടെ പ്രവർത്തനങ്ങളിലും അതിന്റെ പ്രതികരണങ്ങളിലുമൊക്കെ അല്ലാഹു നിശ്ചയിച്ചിട്ടുള്ള പല കാര്യകാരണങ്ങളുമുണ്ട്. സിഹ്റും കണ്ണേറുമൊന്നും യഥാർത്ഥത്തിൽ അതിൽ നിന്ന് പുറത്ത് പോകുന്നില്ല. പക്ഷെ അതിന്റെ കാര്യകാരണങ്ങൾ ഇന്നതാണെന്ന് മനസ്സിലാക്കാൻ മനുഷ്യന് കഴിഞ്ഞുകൊള്ളുണമെന്നില്ല. അത്കൊണ്ട് മാത്രം അവയെല്ലാം അഭൗതികമെന്ന് പറയാനും കഴിയില്ല എന്നതാണിവിടെ മനസ്സിലാക്കേണ്ട വസ്തുത. ഈ അടിസ്ഥാനത്തിൽ ചിന്തിക്കുമ്പോൾ അബ്ദുൽ ജബ്ബാർ മൗലവിയുടെ വിവാദവൽക്കരിക്കപ്പെട്ട ലേഖനത്തിലെ പരാമർശങ്ങൾ അപാകതയില്ലെന്നാണ് മനസിലാകുക. തൗഹീദും-ശിർക്കും വേർതിരിക്കാവുന്ന മാനദണ്ഡത്തെ കൃത്യമാക്കുകയാണ് അതുവഴി അദ്ദേഹം ചെയ്യാൻ ഉദ്ദേശിച്ചത്. പക്ഷെ തൗഹീദ് സ്ഥാപിക്കാൻ വേണ്ടി എഴുതിയ വരികൾ ഉപയോഗിച്ച് കൊണ്ട് തന്നെ അദ്ദേഹത്തെ ശിർക്കിന് വേണ്ടി വാദിക്കുന്നവനെന്ന് പ്രചരിപ്പിക്കുന്നതാണ് വിരോധാഭാസം.

മരുഭൂമിയിൽ ഒറ്റപ്പെട്ട് വഴി അറിയാതെ കുടുങ്ങിയ ഒരാൾ ''അല്ലാഹുവിന്റെ അടിമകളേ, എന്നെ സഹായിക്കണേ'' എന്ന് വിളിച്ച് പറയുമ്പോൾ ഉദ്ദേശിക്കുന്നത് അവിടെ തന്റെ ശബ്ദപരിധിയിലുള്ള ഏതെങ്കിലും സൃഷ്ടികൾ അവർക്ക് അല്ലാഹു നൽകിയ പ്രകൃതിക്ക് വിധേയമായി സഹായിച്ചേക്കുമെന്നാണെങ്കിൽ അതിൽ അഭൗതികമായ സഹായതേട്ടമില്ലെന്നാണല്ലോ അബ്ദുൽ ജബ്ബാർ മൗലവി വ്യക്തമാക്കിയത്. ഇവിടെ വിളിച്ചു പറയുന്നത് മരുഭൂമിയുടെ വിജനതയിൽ നിന്നാണ്. വിളിയുടെ ശബ്ദപരിധിയിലുള്ള സൃഷ്ടികൾക്ക് അല്ലാഹു നൽകിയ പ്രകൃതത്തിന് വിധേയമായ ഭൗതിക സഹായമാണ് അയാൾ പ്രതീക്ഷിക്കുന്നത്. വിളിക്കുന്നതാകട്ടെ അല്ലാഹുവിന്റെ അടിമകളേ എന്ന് മാത്രമാണ് (മലക്കുകളേ എന്നോ ജിന്നുകളേ എന്നോ അല്ല) അങ്ങനെ ചെയ്യാൻ അയാൾക്ക് പ്രേരണയാകുന്നത് ആകട്ടെ, അത്തരം ഘട്ടത്തിൽ അങ്ങനെയൊരു സാഹചര്യത്തിൽ അപ്രകാരം പറഞ്ഞോളൂവെന്ന് നബി(സ്വ) അനുമതി നൽകിയതായി ഉദ്ധരിക്കപ്പെട്ട ഹദീഥുകളുമാണെങ്കിൽ അഥവാ ആ ഹദീഥുകൾ ദുർബലമാണെന്ന് അയാൾക്ക് ബോധ്യപ്പെടുകയും ചെയ്തിട്ടില്ലെങ്കിൽ അയാളുടെ ആ വിളിച്ചുപറയൽ അഭൗതിക സഹായതേട്ടമായോ പ്രാർത്ഥനയായോ ശിർക്കായോ മനസിലാക്കാൻ കഴിയില്ലെന്നാണ് അബ്ദുൽ ജബ്ബാർ മൗലവി പറഞ്ഞതിന്റെ അർത്ഥം. 2007ൽ എഴുതപ്പെട്ടതും 2012ൽ മാത്രം വിവാദമക്കപ്പെട്ടതുമായ അബ്ദുൽ ജബ്ബാർ മൗലവിയുടെ ലേഖനത്തിലെ വീക്ഷണങ്ങൾ മുമ്പൊന്നും ആരും പ്രകടിപ്പിച്ചിട്ടില്ലാത്ത ഒരു പുത്തൻ വീക്ഷണമൊന്നുമല്ല. ''യാ ഇബാദല്ലാഹി അഈനൂനി'' എന്ന വാചകമുൾക്കൊള്ളുന്ന ഹദീസുകൾ ഉൾക്കൊള്ളുന്ന ആശയങ്ങൾ വിശകലന വിധേയമാക്കിയ മുൻഗാമികളും ആധുനികരുമായ സലഫീ പണ്ഡിതന്മാരൊക്കെ മനസിലാക്കിയത് അബ്ദുൽ ജബ്ബാർ മൗലവി മനസ്സിലാക്കിയത് പോലെത്തന്നെയാണ്.

മനുഷ്യന് ചെയ്യാൻ കഴിയാത്ത പല കാര്യങ്ങളും മനുഷ്യർക്ക് അദൃശ്യരായ അല്ലാഹുവിന്റെ സൃഷ്ടികൾക്ക് അവയുടെ പ്രകൃതമനുസരിച്ച് ചെയ്യാൻ കഴിയും. സുലൈമാൻ നബി(അ)ക്ക് അല്ലാഹു ജിന്ന് വർഗ്ഗത്തെ അധീനപ്പെടുത്തി കൊടുത്തിരുന്നുവെന്നും മനുഷ്യർക്ക് ചെയ്യാൻ പറ്റുന്നതും പറ്റാത്തതുമായ പല ജോലികളും അവരെക്കൊണ്ട് അദ്ദേഹം ചെയ്യിച്ചിരുന്നുവെന്നും ക്വുർആനിൽ നിന്ന് വ്യക്തമാണ്. ജിന്നുകൾക്ക് അവയുടെ പ്രകൃതമനുസരിച്ചു ചെയ്യാൻ പറ്റുന്ന കാര്യം ചെയ്യാൻ അവരോട് ആവശ്യപ്പെടുന്നത് കാര്യകാരണ ബന്ധങ്ങൾക്ക് അതീതമാണെന്നോ അഭൗതികമാണെന്നോ പറയാൻ പറ്റുമോ? സുലൈമാൻ(അ)യുടെ പ്രവർത്തി അഭൗതികമാർഗ്ഗത്തിലുള്ള സഹായതേട്ടമാണെന്ന് പറ

യാൻ പറ്റുമോ? എങ്കിൽ അത് ശിർക്കാണെന്ന് പറയേണ്ടി വരികയില്ലേ? കാര്യങ്ങളെ ഭൗതികമെന്നും അഭൗതികമെന്നും വിഭജിക്കുമ്പോൾ എത്രമാത്രം സൂക്ഷ്മത പുലർത്തേണ്ടതുണ്ട് എന്ന് വ്യക്തമായല്ലോ?.

ദാഹിച്ച് കരയുന്ന കുഞ്ഞിന് ഒരു തുള്ളിവെള്ളം തേടി സഫാ–മർവക്കിടയിൽ ഓടി നടന്ന ഹാജറ(റ) ഒരശരീരി കേൾക്കുന്നു. ആ ശബ്ദത്തിന് നേരെ തിരിഞ്ഞ് എന്നെ സഹായിക്കണേ എന്ന് ഹാജറ ബീവി ആവശ്യപ്പെട്ടതും പിന്നീട് ജിബ്രീൽ പ്രത്യക്ഷപ്പെട്ടതും സംസം ഉറവ വന്നതുമെല്ലാം സ്വഹീഹായ ഹദീസുകൊണ്ട് സ്ഥിരപ്പെട്ട സംഭവമാണ്. ഹാജറ ബീവി കേട്ട അശരീരി(ശബ്ദം) ജിബ്രീൽ(അ)യുടേതെന്ന് വ്യക്തം. മനുഷ്യന്റെ കണ്ണ് കൊണ്ട് കാണാൻ പറ്റാത്ത മലക്കിനോട് ''അഗിസ്, അഗിസ്, എന്നെ സഹായിക്കൂ എന്നെ സഹായിക്കൂ'' എന്ന് സഹായാർത്ഥന നടത്തിയ ഹാജറ ബീവിയുടെ സഹായർത്ഥന പ്രാർത്ഥനയാണെന്നോ ശിർക്കാണെന്നോ ഇന്ന്വരേ കേരളത്തിലെ ഒരു മുജാഹിദും പറഞ്ഞിട്ടില്ല. മറിച്ച് അതിൽ പ്രാർത്ഥനയില്ലെന്നും അതിനാൽ ശിർക്കില്ലെന്നുമാണ് പറഞ്ഞത്. മനുഷ്യന്റെ പരിസരത്തുള്ള ഉണ്ടെന്നു കരുതപ്പെടുന്ന അദൃശ്യ സൃഷ്ടികളോട് അവയുടെ പ്രകൃതത്തിനനുസരിച്ച് അവർക്ക് ചെയ്യാൻ പറ്റുന്ന ഒരു കാര്യം ചെയ്യാൻ ആവശ്യപ്പെടുന്നത് ശിർക്കാണെന്ന് പറയാൻ പറ്റില്ല. ശിർക്കാണെന്ന് പറഞ്ഞാൽ സുലൈമാൻ നബി(അ)യും ഹാജറാ ബീവിയും മുശ്രിക്കാണെന്ന് പറയേണ്ടി വരും (നഊദുബില്ലാഹ്). അപ്പോൾ പ്രശ്നം വളരെ സങ്കീർണ്ണം തന്നെ. ഈ സങ്കീർണ്ണത ഒഴിവാക്കാൻ വേണ്ടിയാണ് ഭൗതിക കഴിവ്, അഭൗതിക കഴിവ് എന്നതിന്ന് വ്യക്തമായ ഒരു മാനദണ്ഡം അബ്ദുൽ ജബ്ബാർ മൗലവി തന്റെ ലേഖനത്തിൽ സ്പഷ്ടമാക്കിയത്. ഒരു സൃഷ്ടിക്കും കഴിയാത്ത അല്ലാഹുവിന് മാത്രം കഴിയുന്ന കാര്യങ്ങൾക്ക് അഭൗതിക കഴിവെന്നും സൃഷ്ടികൾക്ക് അല്ലാഹു നൽകിയ കഴിവുകളൊക്കെ ഭൗതിക കഴിവുമെന്നുമാണ് ആ സ്പഷ്ടീകരണം. ആദരണീയനും ബഹുമാന്യ പണ്ഡിതനും ഈ വിനീതന്റെ ഗുരുവര്യനുമായ ചെറിയമുണ്ടം അബ്ദുൽ ഹമീദ് മദനി മുമ്പേ എഴുതിയതും വീണ്ടും പുനരാവർത്തിച്ചതും ഇന്നും തിരുത്താത്തതുമായ ആശയമാണത്. അദ്ദേഹം എഴുതിയതിപ്രകാരമായിരുന്നു. ''ജിന്നുകൾക്ക് അല്ലാഹു നൽകിയ കഴിവ് മനുഷ്യകഴിവിന് അതീതമെങ്കിലും അതിനെ അഭൗതികം എന്ന് വിശേഷിപ്പിക്കുന്നത് ഇസ്ലാമിക കാഴ്ചപ്പാടിൽ ശരിയല്ല. അഭൗതിക കഴിവ് എന്ന് നാം പറയുമ്പോൾ ഉദ്ദേശിക്കുന്നത് അല്ലാഹു സൃഷ്ടികൾക്കാർക്കും നൽകിയിട്ടില്ലാത്ത കഴിവാണ്.'' (പ്രാർത്ഥന–തൗഹീദ്, ചോദ്യങ്ങൾക്ക് മറുപടി. പേജ്. 78) ചെറിയമുണ്ടത്തിന്റെ അതേ വീക്ഷണം തന്നെയല്ലേ അബ്ദുൽ ജബ്ബാർ മൗലവിയും പറഞ്ഞത്? മൺമറഞ്ഞവരോടുള്ള ഇസ്തിഗാസയെ ന്യായീകരിക്കാൻ വേണ്ടി കേരളത്തിലെ ക്വബൂരികൾ കൊണ്ട് വരുന്ന തെളിവുകളും ആശയക്കുഴപ്പങ്ങളും ദൂരീകരിക്കുന്നതിന് വേണ്ടി എഴുതിയിട്ടുള്ള ലേഖനങ്ങളിലാണ് മേൽ പറഞ്ഞ രണ്ട് പണ്ഡിതന്മാരുടേയും ആശയപരമായ ഈ യോജിപ്പ് എന്നത് പ്രത്യേക ശ്രദ്ധയാകർഷിക്കുന്നത്.

ഭൗതിക–അഭൗതിക കാര്യങ്ങൾക്ക് ഇസ്ലാമികമായി അംഗീകരിക്കാവുന്ന വ്യക്തമായ മാനദണ്ഡങ്ങൾ നൽകിയ ചെറിയമുണ്ടം ഒരു സഹായാർത്ഥന പ്രാർത്ഥനയാകുന്നത് എങ്ങനെയെന്നും എപ്പോഴെന്നും വിശദീകരിച്ചിട്ടുണ്ട്. അതിപ്രകാരമായിരുന്നു. ''അതുപോലെ വിജനപ്രദേശത്ത് ഉണ്ടായേക്കാനിടയുള്ള ജിന്നുകളും മലക്കുകളും ഉൾപ്പെടെയുള്ള സൃഷ്ടികളോട് അവർക്ക് കഴിവ് നൽകപ്പെട്ട വിഷയത്തിൽ സഹായം ആവശ്യപ്പെട്ടാൽ അതും പ്രാർത്ഥനയാണെന്ന് പറയാനാവതല്ല.'' ( പ്രാർത്ഥന–തൗഹീദ്, ചോദ്യങ്ങൾക്ക് മറുപടി. പേജ് 103)

എന്ത് കൊണ്ടാണ് പ്രാർത്ഥനയാകാത്തത്? സഹായം തേടുന്നയാൾ അഭൗതിക മാർഗ്ഗത്തിലുള്ള സഹായം പ്രതീക്ഷക്കുന്നില്ല. സൃഷ്ടികൾക്ക് അല്ലാഹു നൽകിയതും അവർക്ക് ചെയ്യാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്ന ഭൗതികമായ സഹായമാണ് ഉദ്ദേശിക്കുന്നത്

എന്നത് തന്നെ. ഇത് തന്നെയല്ലേ അബ്ദുൽ ജബ്ബാർ മൗലവി എഴുതിയതും. അബ്ദുൽ ജബ്ബാർ മൗലവിയുടെ ലേഖനം വിവാദവൽകരിക്കപ്പെട്ടതിന്ന് പതിറ്റാണ്ടുകൾക്ക് മുമ്പ് (മുജാഹിദ് പ്രസ്ഥാനത്തിലെ പിളർപ്പിനും മുമ്പ്) ബഹുമാന്യനായ ചെറിയമുണ്ടം എഴുതിയതും പുസ്തകമാക്കി ഇന്നും വിൽപ്പന നടത്തുന്നതുമായ ഈ ആശയം കേരളത്തിലെ മുജാഹിദുകൾക്കിടയിലോ പുറത്തോ ഇന്നോളം ഒരു വിവാദം സൃഷ്ടിക്കപ്പെടാതെ പോയത് എന്ത്കൊണ്ടാണ്?

തൗഹീദും ശിർക്കും മുജാഹിദ് പ്രസ്ഥാനത്തിൽ ഒരുമിച്ച് കൊണ്ട് പോകാൻ സമ്മതിക്കില്ലെന്ന് പറഞ്ഞ്കൊണ്ട് വിവാദ വിഷയങ്ങൾക്ക് ഇപ്പോൾ ഇല്ലാത്ത മാനം നൽകി പർവ്വതീകരിക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുന്ന ആളുകൾ സംഘടന പിളരുന്നതിന് മുമ്പ് ചെറിയമുണ്ടം എഴുതിയ ''ശിർക്കൻ'' ആശയം വെച്ച് പൊറുപ്പിച്ചതെങ്ങനെ? അക്വീദയിലെ ഈ ഗുരുതരമായ വ്യതിയാനം ആദർശവ്യതിയാന ചർച്ചയിൽ ഇടം നേടാതെ പോയത് എന്ത്കൊണ്ടായിരുന്നു? 2004ലെ മണ്ണാർക്കാട് സംവാദത്തിൽ സുലൈമാൻ സഖാഫിയുടെ ചോദ്യത്തിന് മുറപടി പറഞ്ഞപ്പോൾ മരുഭൂമിയിൽ വഴിയറിയാതെ ഒറ്റപ്പെട്ടവൻ അല്ലാഹുവിന്റെ അടിമകളേ സഹായിക്കണമേ എന്ന് പറയുമ്പോൾ ജിന്നുകളോ മലക്കുകളോ സഹായിക്കുമെന്ന് കരുതിയാൽ തന്നെ തർക്കത്തിലുള്ള ഇസ്തിഗാസക്ക് ഇതിൽ തെളിവില്ലെന്നും അതിൽ പ്രാർത്ഥന ഇല്ലാത്തതിനാൽ ശിർക്കില്ലെന്നും മറുപടി പറഞ്ഞതിന് സാക്ഷികളായിരുന്ന ഇന്നത്തെ വിപ്ലവകാരികൾക്കൊന്നും അന്ന് അക്ഷേപമുണ്ടായില്ല. വർഷങ്ങൾ പലത് പിന്നേയും പിന്നിട്ട ശേഷം ശിർക്കാരോപണവുമായി രംഗപ്രവേശനം ചെയ്ത് ആദർശ പ്രസ്ഥാനത്തിനിടയിൽ ഭിന്നതയും ഛിദ്രതയും ഫിത്നയും ഫസാദുമുണ്ടാക്കുന്നവരുടെ ഉദ്ദേശ്യശുദ്ധിയിൽ സംശയിക്കുന്നതിൽ അസാംഗത്യമില്ല.

ജിന്ന്, മലക്ക് തുടങ്ങിയ സൃഷ്ടികൾക്ക് മനുഷ്യരാവശ്യപ്പെടുന്നതിനനുസരിച്ച് സഹായം നൽകാൻ പറ്റുമെന്നോ അവരോട് ഏത് കാര്യവും ചോദിക്കാമെന്നോ അതൊക്കെ മുസ്ലിംകൾക്ക് അനുവദനീയമാണെന്ന് സ്ഥാപിക്കലോ അല്ല ഇതെഴുതുന്നതിന്റെ ഉദ്ദേശ്യം. മേൽ പരാമർശിച്ച പണ്ഡിതന്മാരുടെ വീക്ഷണങ്ങളിൽ നിന്നൊന്നും അങ്ങനെയൊരാശയം കിട്ടുകയുമില്ല. മതപരമായ കാര്യങ്ങളിൽ വിശേഷിച്ച് മതത്തിന്റെ വിശ്വാസ കാര്യങ്ങളിൽ വീക്ഷണങ്ങളും അഭിപ്രായങ്ങളും അവതരിപ്പിക്കുമ്പോൾ എത്രമാത്രം വലിയ സൂക്ഷ്മതയാണ് അവർ പുലർത്തിയെന്ന് തിരിച്ചറിയേണ്ടതുണ്ട്. ശിർക്കല്ലാത്ത ഒരു കാര്യം ശിർക്കായി തെറ്റിദ്ധരിക്കാനോ ശിർക്കായ ഒരു കാര്യം ശിർക്കല്ലെന്ന് തെറ്റിദ്ധരിപ്പിച്ച് ആരെങ്കിലും മുഴുത്ത അപകടത്തിൽ ചെന്ന് ചാടാനോ ഒരഭിപ്രായപ്രകടനം ഇടവരുത്തിയേക്കുമെന്നത് ശ്രദ്ധിക്കാതിരുന്ന്കൂടാ. അത്തരം സാഹചര്യം തീർത്തും ഒഴിവാക്കപ്പെടേണ്ടതുണ്ട്. ചർച്ചയിൽ നിന്ന് അതാണ് മനസിലാക്കേണ്ടത്.

'യാ ഇബാദല്ലാഹി അഈനൂനീ' എന്ന വാചകം ഉൾക്കൊള്ളുന്ന ഹദീസിൽ നിന്ന് മനസ്സിലാകുന്ന സഹായതേട്ടം പ്രാർത്ഥനയല്ലെന്നും അതിനാൽ അതിൽ ശിർക്കില്ലെന്നും പറഞ്ഞ പണ്ഡിതന്മാരാരും അപ്രകാരം ചെയ്യുന്നതിനെ ന്യായീകരിച്ചിട്ടില്ല. ജന പ്രദേശത്താകട്ടെ വിജന പ്രദേശത്താകട്ടെ മറ്റെവിടെ വെച്ചാകട്ടെ അപ്രകാരം സഹായം തേടുന്നത് അനുവദനീയമാണെന്ന് പറഞ്ഞിട്ടുമില്ല. പ്രത്യുത, അത് പാടില്ലാത്ത കാര്യമാണെന്നും അത്തരം കാര്യങ്ങൾ പ്രോത്സാഹിപ്പിക്കപ്പെടുന്നത് കുഴപ്പത്തിന്റെ വാതിൽ തുറക്കലാവുമെന്നും, ശിർക്കിന്റെ വാതിൽ തുറക്കലാണെന്നും, ശിർക്കിലേക്കുള്ള വഴിയാകുമെന്നുമൊക്കെ ബോധ്യപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളത്. അത് ശിർക്കാണെന്ന് വിധി പറഞ്ഞാൽ ഉണ്ടാകാവുന്ന സങ്കീർണ്ണതകൾ ഒഴിവാക്കാനാണ് അങ്ങനെയൊരു സൂക്ഷ്മത പണ്ഡിതന്മാർ സ്വീകരിച്ചത്. ഹദീസിന്റെ ദുർബലത ബോധ്യപ്പെടാതെ സ്വഹിഹാണെന്ന ധാരണയിൽ ഇമാമുസ്സുന്ന അഹ്മദ് ബിൻ ഹൻബലും, ഇമാം നവവിയും ആ ഹദീസനുസരിച്ച് അമൽ ചെയ്തിട്ടുണ്ടെന്ന് സ്വഹിഹായി ഉദ്ധരിക്കപ്പെട്ടിട്ടുണ്ട്. അവർക്കൊന്നും ഇസ്‌ലാമി

ന്റെ അകീദ മനസിലാകാതെ ശിർക്കിൽ ചെന്ന് ചാടി എന്ന് വരുന്നത് അപഹാസ്യമല്ലേ? ഹദീസ് സ്വഹീഹല്ലാത്തത് കൊണ്ട് ആ ഹദീസനുസരിച്ചു കൊണ്ടുള്ള അവരുടെ പ്രവർത്തിയിൽ മുസ്‌ലിംകൾക്ക് മാതൃകയില്ലെന്ന് അംഗീകരിക്കുമ്പോൾ തന്നെ ശിർക്കാകുന്ന വിളിയും അവർക്ക് മനസ്സിലാക്കാൻ കഴിയാതെ പോയി എന്ന് കരുതാനും വയ്യ. എങ്കിൽ അവരത് ചെയ്യുമായിരുന്നില്ലല്ലോ? ഇത്തരം സങ്കീർണ്ണതകൾ ഒഴിവാക്കുന്നതിന് വേണ്ടി തന്നെയാണ് ശിർക്കല്ലെന്ന് പറയുന്നവർക്ക് അങ്ങനെ പറയാൻ പ്രേരണയാകുന്നത്. ഒരു കാര്യം ശിർക്കല്ലെന്ന് പറഞ്ഞതിൽ നിന്ന് അത് ചെയ്യാവുന്ന കാര്യമാണെന്ന് കിട്ടുകയില്ലല്ലോ. അങ്ങനെയൊരു തെറ്റിദ്ധാരണ ചിലർ കരുതിക്കൂട്ടി ഉണ്ടാക്കിയതാണ് ഇവിടത്തെയെല്ലാ പ്രശ്നങ്ങൾക്കും കാരണമായത്.

2007ൽ ജബ്ബാർ മൗലവി എഴുതിയ ലേഖനത്തിന്റെ പേരിൽ കേരളത്തിലെ ക്വുബൂരി ആശയക്കാർ ആശയക്കുഴപ്പവും സംശയങ്ങളുമുണ്ടാക്കാൻ ശ്രമിച്ചതോടെ കേരളത്തിലെ പ്രബോധകരായ പണ്ഡിതന്മാർക്കിടയിൽ ആന്തരികമായ ചർച്ചയും വിമർശനങ്ങളും നടന്നിരുന്നു. ഈ വിഷയകമായി പണ്ഡിതന്മാർ പലരും ലേഖനമെഴുതിയ ജബ്ബാർ മൗലവിയുമായി വ്യക്തിപരമായ നിലയിൽ സംസാരിച്ചിട്ടുണ്ട്. എന്നാൽ അദ്ദേഹത്തിന്റെ പരാമർശത്തിൽ എന്ത് തെറ്റാണുള്ളതെന്നും എങ്ങനെയെന്നും വിശദീകരിച്ചുകൊടുക്കാൻ ആർക്കും കഴിഞ്ഞില്ലെന്നതാണ് വസ്തുത. അത് കൊണ്ടാണ് തിരുത്തെന്ന പേരിൽ പണ്ഡിതന്മാർ എഴുതിക്കൊടുത്തതും ഇസ്‌ലാഹിൽ പ്രസിദ്ധീകരിച്ചതുമായ വിശദീകരണത്തിൽ 'ശിർക്കില്ല' എന്നുള്ള ജബ്ബാർ മൗലവിയുടെ പ്രയോഗത്തെ സംബന്ധിച്ച് കള്ള്കുടി ശിർക്കല്ല എന്ന് പറഞ്ഞാൽ അത് അനുവദനീയമാണെന്ന് അർത്ഥമില്ലല്ലോ. എന്ന് പരാമർശിച്ചത്. യഥാർത്ഥത്തിൽ അതിൽ ശിർക്കുണ്ടെന്ന് തോന്നിയിരുന്നെങ്കിൽ അത് ശിർക്ക് തന്നെയാണ് എന്നായിരുന്നില്ലേ എഴുതിക്കൊടുക്കേണ്ടിയിരുന്നത്? അപ്പോഴല്ലേ അതൊരു തിരുത്താവുകയുള്ളൂ? ശിർക്കാണെന്ന് പറഞ്ഞ് ഇന്ന് ബഹളം വെക്കുന്നവരായ ആളുകൾ തന്നെ എഴുതിയുണ്ടാക്കിയ ഈ 'തിരുത്ത്' അബ്ദുൽ ജബ്ബാർ മൗലവിയുടെ ആശയത്തെ കൂടുതൽ ശക്തമാക്കുകയല്ലേ യഥാർത്ഥത്തിൽ ചെയ്തത്. അബ്ദുൽ ജബ്ബാർ മൗലവിയുടെ വീക്ഷണത്തിൽ അബദ്ധവും പിഴവുമുണ്ടെന്ന് ഇവർക്കാർക്കും അദ്ദേഹത്തെ ബോധ്യപ്പെടുത്തിക്കൊടുക്കാൻ കഴിഞ്ഞിട്ടില്ലെന്നതല്ലേ വസ്തുത? അവരിൽ പലരും പിന്നീട് പൊതുവേദികളിൽ അതിനെ ന്യായീകരിക്കുന്നതാണ് നാം കണ്ടത്. ലേഖനമെഴുതിയ അബ്ദുൽ ജബ്ബാർ മൗലവിയോ തിരുത്തെന്ന പേരിൽ പണ്ഡിതന്മാർ എഴുതിക്കൊടുത്ത സംഗതി പ്രസിദ്ധീകരിക്കാൻ തയ്യാറായ ഇസ്‌ലാഹ് മാസികയോ അല്ല ഇവിടെ യഥാർത്ഥ പ്രശ്നക്കാരനെന്ന് വ്യക്തമായല്ലോ? വ്യക്തിപരമായ നിലയിൽ പലരും ഇക്കാര്യം പരസ്പരം ചർച്ച ചെയ്തിട്ടുണ്ടെങ്കിലും കേരളാ നദ്‌വത്തുൽ മുജാഹിദിന്റെ ഉന്നത ബോഡിയായ സംസ്ഥാന കൗൺസിലോ സംഘടനയുടെ വൈജ്ഞാനിക വിഷയങ്ങൾ കൈകാര്യം ചെയ്യുന്ന കേരള ജംഇയ്യത്തുൽ ഉലമയുടെ ഉന്നതബോഡികളിലോ ഇക്കാര്യം ഒരു ചർച്ചയാവുകയുണ്ടായിട്ടില്ല.

മുജാഹിദ് പ്രസ്ഥാനത്തിലെ ദാഇകളും (പ്രബോധകർ) എഴുത്തുകാരുമായ പണ്ഡിതന്മാർക്ക് ദഅ്‌വത്ത് രംഗത്തെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനും വൈജ്ഞാനികമായി അവരെ ശാക്തീകരിക്കുന്നതിനും വേണ്ടി കേരള ജംഇയ്യത്തുൽ ഉലമയുടെ കീഴിൽ രൂപീകരിക്കപ്പെട്ട ചർച്ച വേദിയാണ് 'ദൗറഇൽമിയ്യ'. ഇതിലാണ് ഈ പ്രശ്നം ഔദ്യോഗികമായി ചർച്ച ചെയ്യപ്പെട്ടത്. 2011 നവമ്പർ മാസത്തെ സിറ്റിങ്ങിൽ ഹനീഫ് കായക്കൊടിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ 'യാ ഇബാദല്ലാഹി അഈനൂനീ' എന്ന ഹദീസ് 26/12/11ന് കൂടിയ ദൗറയിൽ ചർച്ച ചെയ്യപ്പെട്ടു. വിവാദ ലേഖനത്തിലൂടെ ഉദ്ദേശിക്കപ്പെട്ട കാര്യങ്ങളും അത് എഴുതാൻ പ്രേരകമായിട്ടുള്ള സംഗതികളും സാഹചര്യങ്ങളും ലേഖന കർത്താവായ അബ്ദുൽ ജബ്ബാർ മൗലവി വിശദീകരിച്ചു. തുടർന്ന് വിഷയത്തിന്റെ വിവിധ വശങ്ങൾ വിശകലനം ചെയ്തു കൊണ്ടുള്ള ചർച്ചകൾ നടന്നു. അവസാനം ഓരോരുത്തർ

ക്കും ഇത് സംബന്ധിച്ചുള്ള അഭിപ്രായം ഏതാണെന്ന് ആരാഞ്ഞു. ശിർക്കാണെന്നഭിപ്രായപ്പെട്ടവരും, ശിർക്കല്ലെന്നഭിപ്രായപ്പെട്ടവരും ശിർക്കിലേക്കെത്തുന്ന വഴിയാണെന്നഭിപ്രായപ്പെട്ടവരും എന്നിങ്ങനെ മൂന്ന് രീതിയിലും അഭിപ്രായപെട്ടവരുണ്ടായിരുന്നു. വിഷയസംബന്ധമായി ഒരു സിറ്റിംഗ് കൂടി നടത്താനും അതിൽ ഒരു പ്രബന്ധം അവതരിപ്പിക്കുന്നതിനായി ഹനീഫ് കായക്കൊടിയേയും ഫൈസൽ മുസ്ലിയാരെയും ചുമതലപ്പെടുത്തി പിരിഞ്ഞു.

26/1/12 ന് ചേർന്ന ദൗറയിൽ മുൻനിശ്ചയ പ്രകാരമുള്ള പ്രബന്ധം അവതരിപ്പിക്കപ്പെട്ടു. തുടർന്ന് ദീർഘമായ ചർച്ചകൾ നടന്നു. വിഷയം സംബന്ധിച്ചുള്ള പണ്ഡിതാഭിപ്രായങ്ങളെല്ലാം വിശകലനം ചെയ്ത ശേഷം അന്തിമമായി ദൗറയെത്തി ചേർന്നത്, ജിന്നുകളോടുള്ള പ്രാർത്ഥന ശിർക്ക് അഥവാ ബഹുദൈവത്വമാണ്. ജിന്നിനോടുള്ള സഹായതേടന (ഇസ്തിഗാന) ശിർക്കാണെന്നും ശിർക്കിലേക്കുള്ള വഴിയാണെന്നുമൊക്കെ പണ്ഡിതാഭിപ്രായമുണ്ടെങ്കിലും അത് ഹറാമാണ് എന്നിടത്താണ്. എല്ലാവരും ഇക്കാര്യം അംഗീകരിച്ച് സന്തോഷത്തോടെയാണ് അന്ന് പിരിഞ്ഞത്. കെ ജെ യു നിർവ്വാഹക സമിതി അംഗമായ കെ കെ സക്കരിയ്യാ സ്വലാഹി ഈ രണ്ട് ദൗറാ മീറ്റിംഗിലും പങ്കെടുത്തിരുന്നില്ല. പിന്നീട് കെ ജെ യു നിർവ്വാഹക സമതി ചേർന്നപ്പോൾ ദൗറയിൽ ഉണ്ടായ തീരുമാനത്തിൽ നിന്നും വ്യത്യസ്തമായി ''ഹറാമും ശിർക്കുമാണെന്ന് മാറ്റപ്പെടുത്തുകയാണുണ്ടായത്. അതിന്ന് പ്രചോദക കാര്യങ്ങൾ എന്താണെന്ന് ഉത്തരവാദപ്പെട്ടവരോടന്വേഷിച്ചിട്ട് മറുപടിയുണ്ടായിട്ടില്ല. പിന്നീട് ഇത് വരേ ദൗറ വിളിച്ചു കൂടിയിട്ടുമില്ല.

വിവാദങ്ങളും ആരോപണങ്ങളും ഒരു പുതിയ ദിശയിലേക്ക് മാറ്റുകയാണോ എന്ന് ആശങ്കപ്പെടുന്ന സമാകാലിക ചുറ്റുപാടിൽ കുഴിച്ച് മൂടപ്പെടുന്ന വസ്തുതകളുടെ യാഥാർത്ഥ്യം മൂടി വെക്കുന്നത് കുറ്റകരമാകുമോ എന്ന ഭയമാണ് ഇത് ഇപ്പോൾ തുറന്ന് വെക്കുന്നതിന്റെ പിന്നിലുള്ള ഒരേ ഒരു വികാരം. അതോടൊപ്പം അബ്ദുൽ ജബ്ബാർ മൗലവിയുടെ വീക്ഷണങ്ങൾ എന്തോ കടുത്ത അപരാധമായി ചിത്രികരിച്ചവർ തന്നെ അതിനെതിരെ നിയമ വിധേയമായും അല്ലാതെയും നീക്കങ്ങളെല്ലാം അദ്ദേഹത്തിന്റെ വീക്ഷണത്തെ കൂടുതൽ ശക്തിപ്പെടുത്താനാണ് യഥാർത്ഥത്തിൽ പ്രയോജനപ്പെട്ടത്. അബ്ദുൽ ജബ്ബാർ മൗലവിയുടെ വാദം കടുത്ത ശിർക്കാണെന്നും അദ്ദേഹം മുജാഹിദുകളെ ശിർക്കിലേക്ക് നയിക്കുകയാണെന്നും ഇന്ന് ശക്തിയുക്തം വാദിച്ചു കൊണ്ടിരിക്കുന്നവർ തന്നെ 2011 വരേയും വിവാദ വിഷയത്തിൽ അബ്ദുൽ ജബ്ബാർ മൗലവിയുടെ അതേ വീക്ഷണം ആവർത്തിക്കുകയായിരുന്നു. അബ്ദുൽ ജബ്ബാൽ മൗലവിയുടേത് വരമൊഴിയായിരുന്നവെങ്കിൽ ഇവരുടേത് വാമൊഴിയായിരുന്നു എന്ന വ്യത്യാസം മാത്രമേയുള്ളൂ. (വിവിധ സി ഡികളിൽ അവ ലഭ്യമാണ്.)

ചുരുക്കത്തിൽ, മുജാഹിദ് പ്രസ്ഥാനത്തിന് മുമ്പൊന്നുമില്ലാതിരുന്ന പുതിയൊരാശയം അബ്ദുൽ ജബ്ബാർ മൗലവി പറഞ്ഞിട്ടില്ല. അദ്ദേഹം പറഞ്ഞ ആശയം തന്നെ സംഘടനയുടെ ഏറ്റവും ഉത്തരവാദപ്പെട്ട വ്യക്തികളും പറഞ്ഞിട്ടുണ്ട്. പിന്നെ ഇപ്പോഴെങ്ങനെ അതൊരു വിവാദ വിഷയമായി? വിവാദങ്ങളുണ്ടാക്കിയവരാണ് അതിന്ന് മറുപടി പറയേണ്ടത്.
നായക്ക് വാലുണ്ടെന്ന് ഒരാളുടെ സംസാരത്തിൽ വന്ന വാചകത്തിൽ നിന്ന് ആരെങ്കിലുമൊക്കെ വാലുള്ളതൊക്കെ നായയാണെന്ന് തെറ്റിദ്ധരിച്ചാലെന്ത് ചെയ്യും. അക്കാരണത്താൽ പറഞ്ഞവനെ കുറ്റപ്പെടുത്താനാകുമോ? നായ വാലുള്ള ജീവിയാണെന്നേ പറഞ്ഞവൻ ഉദ്ദേശിച്ചിട്ടുള്ളൂ. എന്നാൽ അയാൾക്കെതിരെയുള്ള അക്ഷേപമോ? വാലുള്ള ജീവികളൊക്കെ നായയാണെന്ന് വാദിക്കുന്നവനെന്നും!! 'യാ ഇബാദല്ലാഹി അഈനൂനീ' ചർച്ചയിലെ അബ്ദുൽ ജബ്ബാർ മൗലവിയും ഇങ്ങനെയുള്ളൊരു ദുരന്ത കഥാപാത്രം മാത്രം.